ജനുവരി

2021

ലക്കം 1

# യുവചേതന


എം സി വൈ എം സഭാതല സമിതി മുഖപത്രം



## യുവജനങ്ങൾ:

സാഹോദര്യത്തിന്റെ അപ്പോസ്തോലർ

www.malankaralibrary.com


MALANKARA CATHOLIC YOUTH MOVEMENT
2021
01
JAN
MCYM Family wishes Our
HEARTY
FESTAL
GREETINGS
HIS BEATITUDE
MORAN MOR BASELIOS CARDINAL CLEEMIS
MAJOR ACHBISHOP CATHOLICOS

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം

ജനുവരി 2021 ലക്കം : 1

രക്ഷാധികാരി
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ**

യുവജന കമ്മീഷൻ ചെയർമാൻ
**അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ്**

ഡയറക്ടർ
**ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ**

പ്രസിഡന്റ്
**ജിത്ത് ജോൺ ഫ്രാൻസിസ്**

ചീഫ് എഡിറ്റർ
**ജിനു ജോർജ്ജ്**

പത്രാധിപ സമിതി
വി. സി. ജോർജ്ജ്കുട്ടി
ശരത് ലാൽ
എബിൻ തോമസ്
മെറിൻ മാമ്മച്ചൻ
ലിബിൻ സാമുവൽ,
തേജസ് അന്നാ ജേക്കബ്

കവർ പേജ്
റോണി രാജു, ബിബിൻ ജേക്കബ്

ലേഔട്ട് & ഡിസൈൻ :
**ശ്യാം, നിയാ ഗ്രാഫിക്സ് ചൊവ്വര**
**9747 044 811**

*Address :*
*Malankara Catholic Youth Movement*
*Central Secretariat*
*Catholicate Centre, Pattom,*
*Thiruvananthapuram - 04*

## ഉള്ളടക്കം

- എഡിറ്റോറിയൽ 2
- അനുഗ്രഹസന്ദേശം 3
- സന്ദേശം 4
- ലോകം തുറക്കുന്ന ശ്വേതമേഘങ്ങൾ 5
- സാഹോദര്യത്തിന്റെ യുവജനസഭ 6
- യുവജനങ്ങൾ സാഹോദര്യത്തിന്റെ അപ്പോസ്തോലർ 8
- Youth: the Apostles of Fraternity 16
- Honoring our Exemplary 22
- എം.സി.വൈ.എം. സഭാതല സമിതി 2020 - 21 റിപ്പോർട്ട് 24

www.malankaralibrary.com

# എഡിറ്റോറിയൽ



### ലോകാ സമസ്താ സുഖിനോ ഭവന്തു..

ആർഷഭാരത സംസ്കാരത്തിന്റെ ഒരു വലിയ ദർശനമാണിത്. സർവ്വലോകത്തിനും സുഖം ഉണ്ടാകട്ടെ. എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു മാനവിക സംസ്കാരത്തിന്റെ പ്രാർത്ഥനയാണിത്. നാം എല്ലാവരും സഹോദരങ്ങളാണ് എന്ന സത്യം വിസ്മരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ ഒരു വലിയ വെല്ലുവിളിയെന്നവിധം ഫ്രാൻസിസ് മാർപാപ്പയുടെ 'ഫ്രത്തെല്ലി തൂത്തി'- എല്ലാവരും സഹോദരർ എന്ന ചാക്രിക ലേഖനം ലോകത്തിനു മുഴുവനായി നൽക പ്പെട്ടിരിക്കുന്നു.

ലോകത്തിലെ സർവ്വചരാചരങ്ങളെയും സഹോദരങ്ങളായി കണ്ട് സ്നേഹിച്ച അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ വിശാല ദർശനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പരിശുദ്ധ പിതാവ് അദ്ദേഹത്തിന്റെ സ്മരണയിൽ 'ഫ്രത്തെല്ലി തൂത്തി' എന്ന പ്രബോധനം ലോകത്തിന് സമർപ്പിക്കുമ്പോൾ അതിന്റെ ചുവടുപിടിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങൾ ഈ ഒരു വർഷക്കാലം തങ്ങളുടെ ജീവിതത്തെ പുനഃപരിശോധിക്കുവാനും ക്രമീകരിക്കുവാനും പുത്തൻ ജീവിതദർശനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമൂഹത്തിന് നന്മയായിത്തീരുവാനും ഒരു നിയോഗമെന്നവ്വണ്ണം 'യുവജനങ്ങൾ സാഹോദര്യത്തിന്റെ അപ്പസ്തോലർ' എന്ന പഠന വിഷയം പ്രത്യേകമായി തിരഞ്ഞെടുത്തിരിക്കുകയാണല്ലോ.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശക്തി ശ്രോതസ്സുകളായിരിക്കുന്ന ഓരോ യുവാവും യുവതിയും മലങ്കര സഭയുടെ ദർശനങ്ങളെ, പ്രത്യേകിച്ച്, ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയും നമ്മുടെ പിതാക്കൻമാരും നമുക്ക് പകർന്നു നൽകിയിട്ടുള്ള മൂല്യങ്ങളെ, ഈ കാലഘട്ടത്തിൽ സ്വീകരിച്ച് പ്രാവർത്തികമാക്കാനുള്ള നമ്മുടെ വിളിയെ തിരിച്ചറിയണം. സഭയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നായ എല്ലാവരെയും സ്നേഹത്തിൽ ഒന്നിപ്പിക്കുക, യേശുക്രിസ്തു ആഗ്രഹിച്ച ഒരു ഇടയനും ഒരു തൊഴുത്തും എന്നതായ പ്രാർത്ഥനയുടെ, ആ വലിയ സ്വപ്നത്തിന്റെ പൂർത്തീകരണത്തിലേക്ക് ക്രൈസ്തവ വിശ്വാസികളെ മുഴുവൻ സ്നേഹത്തിന്റെ നൂലിൽ കോർത്തിണക്കുവാൻ സഭയ്ക്ക് ഒരു പ്രത്യേകമായ ദൗത്യമുണ്ടെന്ന് നമുക്കറിയാം. ഊർജ്ജസ്വലരായ യുവജനങ്ങൾ എന്ന നിലയിൽ നാം ഓരോരുത്തരും ഈ കാലഘട്ടത്തിൽ ആ ദൗത്യം തിരിച്ചറിഞ്ഞ് അത് ഏറ്റെടുക്കുവാനായി മുമ്പോട്ട് വരണം. നമ്മുടെ അകത്തോലിക്കാ സഹോദരങ്ങളെ സ്നേഹത്തിന്റെ കൂട്ടായ്മയിൽ ചേർത്ത് അവരും നാമും ഒന്നാണെന്നുള്ളതായ ആ വലിയ ദർശനത്തിലേക്ക് കൂട്ടിക്കൊണ്ടുവരുവാനായി സവിശേഷമായ ഒരു ദൗത്യം സാഹോദര്യത്തിന്റെ അപ്പസ്തോലർ എന്ന നിലയിൽ സഭയിലെ ഓരോ യുവജനങ്ങൾക്കും ഉണ്ട് എന്ന് നാം തിരിച്ചറിയണം.

ക്രൈസ്തവ സഹോദരങ്ങൾ ഒന്നിച്ചായിരുന്നുകൊണ്ട് ക്രിസ്തുവിന്റെ ദർശനങ്ങളെ ലോകത്തിനു മുഴുവൻ നൽകേണ്ടതായ സമയം അതിക്രമിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ ഒരു വർഷക്കാലം പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ വിശാല ചിന്തകളോട് ചേർന്നു നിന്നുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങളായ നമുക്കും വിശ്വസാഹോദര്യത്തിന്റെ കെട്ടുപണിക്കായി ഒരുമിച്ചു ചേരാം. സാഹോദര്യത്തിന്റെ അപ്പോസ്തോലരായി നമുക്ക് ജീവിക്കാം.


**ജിനു ജോർജ്ജ്**

*എം.സി.വൈ.എം. ജനറൽ സെക്രട്ടറി*

*ചീഫ് എഡിറ്റർ*

# THE SYRO-MALANKARA CATHOLIC MAJOR ARCHIEPISCOPAL CHURCH

✠ **BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP–CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM



## അനുഗ്രഹസന്ദേശം

**പ്രിയ യുവജനങ്ങളേ,**

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 2020 ഒക്ടോബർ 20-ാം തീയതി പ്രസിദ്ധീകരിച്ച ചാക്രികലേഖനം **ഫ്രത്തെല്ലി തൂത്തി** അടിസ്ഥാനമാക്കി മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങൾ 2021 വർഷത്തിൽ തങ്ങളുടെ ആത്മീയ ഒരുക്കത്തിനായി 'യുവജനങ്ങൾ: സാഹോദര്യത്തിന്റെ അപ്പസ്തോലർ' എന്ന പഠനവിഷയം തെരഞ്ഞെടുത്തിരിക്കുകയാണ്. ലോകത്തിന് മീതെ ഉരുണ്ടുകൂടുന്ന അനൈക്യത്തിന്റെയും വംശീയ, രാഷ്ട്രീയ, വർക്ഷ, വർണ്ണ വിവേചനങ്ങളുടെയും കാർമേഘങ്ങളെ അകറ്റാൻ പരിശുദ്ധ പിതാവ് നൽകുന്ന ആഹ്വാനത്തെ നമുക്ക് ഹൃദയ പൂർവ്വം സ്വീകരിക്കാം.

വിഭജിച്ച് നിൽക്കാൻ കാരണങ്ങൾ തേടുന്ന ലോകത്തിൽ, ഒരുമയോടെ നിൽക്കാൻ അവസരങ്ങളും പാതകളും കണ്ടുപിടിക്കേണ്ടവരാണ് ക്രൈസ്തവർ. ഈ പശ്ചാത്തലത്തിൽ ക്രൈസ്തവ യുവത്വത്തിന്റെ ഉത്തരവാദിത്വം വളരെ വലുതാണ്. ലോകത്തിന്റെ പ്രകാശമായ യേശുക്രിസ്തു വിന്റെ യൗവ്വനം കൂടുതൽ മിഴിവോടെയും ദീപ്തമായും പ്രസരിപ്പിക്കേണ്ടവരാണ് യുവജനങ്ങൾ. ഫ്രത്തെല്ലി തൂത്തിയിലൂടെ പരി. പിതാവ് ചൂണ്ടിക്കാട്ടുന്ന മനുഷ്യാവകാശ ലംഘനങ്ങളെയും സാമ്പത്തിക അടിമത്തങ്ങളെയും യുദ്ധങ്ങളെയും ഭീകരാക്രമണങ്ങളെയും വംശീയ വിഘടനവാദങ്ങളെയും മത പീഢനങ്ങളെയും തീവ്രമത നിലപാടുകളെയും വിവിധതരം അടിമത്തങ്ങളെയും ശക്തിയുക്തം എതിർക്കുവാനും സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും നിലപാടുകൾ സ്വീകരിക്കുവാനും നാം കരുത്താർജ്ജിക്കേണ്ടിയിരിക്കുന്നു. പ്രക്ഷുബ്ധമായ ലോകം ക്രിസ്തുവിന്റെ സ്നേഹമസൃണമായ മുഖം കാണേണ്ടത് നമ്മിലൂടെയാണ്. പരി. പിതാവിലൂടെ നാം ശ്രവിച്ച നമ്മുടെ കർത്താവിന്റെ സന്ദേശം നമുക്ക് ഹൃദയപൂർവ്വം സ്വീകരിക്കാം. കോവിഡാനന്തരലോകത്തിൽ, നമ്മുടെ സഭാപിതാക്കന്മാർ പഠിപ്പിച്ചതും പരമ്പരാഗതമായി നാം അനുവർത്തിച്ചു പോരുന്നതുമായ സാമൂഹിക പ്രതിബദ്ധത മുറുകെ പിടിച്ചുകൊണ്ട് വിശ്വസാഹോദര്യത്തിന്റെ അപ്പസ്തോലരായി നമുക്ക് വളരുകയും മറ്റുള്ളവർക്ക് മാതൃക നൽകുകയും ചെയ്യാം.


ദൈവമായ കർത്താവ് നിങ്ങളെയേവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ.

കർത്താവിൽ സ്നേഹപൂർവ്വം,

കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.



www.malankaralibrary.com



# സന്ദേശം

പ്രിയ യുവജനങ്ങളേ,

മനുഷ്യഹൃദയങ്ങൾക്കിടയിൽ പരസ്പര സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും അതിർവരമ്പുകൾ സൃഷ്ടിച്ചിരിക്കുന്ന ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ കാലത്തിനൊപ്പം സഞ്ചരിക്കുന്ന യുവജനങ്ങളെ വാർത്തെടുക്കുവാൻ, വരുംതലമുറയുടെ സഭാശുശ്രൂഷകളെ മെച്ചപ്പെടുത്തുവാൻ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ തിരുമനസ്സുകൊണ്ടു ലോകം മുഴുവനുമുള്ള വിശ്വാസികൾക്കായി എഴുതിയ തുറന്ന ലേഖനമാണ് 'ഫ്രത്തേലി തൂത്തി'. വിശ്വാസത്തിന്റെ പടക്കച്ച അണിഞ്ഞുകൊണ്ട് വെല്ലുവിളികൾ നിറഞ്ഞ ലോകത്തിലൂടെ നാമോരോരുത്തരും യാത്രചെയ്യുമ്പോൾ പരിമിതികൾക്കിടം നൽകാതെ ദൈവത്തിന്റെ സ്നേഹം മനുഷ്യഹൃദയങ്ങളിലേക്ക് ജ്വലിപ്പിക്കാൻ തിരഞ്ഞെടുക്കപ്പെട്ടവരാണ് നാമോരോരുത്തരും. കർത്താവ് യേശുമിശിഹാ യാകുന്ന മെഴുകുതിരിവെട്ടത്തിന്റെ ശോഭ ലോകം മുഴുവനെയും പ്രകാശമയം ആക്കിയതുപോലെ അവന്റെ ശിഷ്യത്വം സ്വീകരിച്ചിരിക്കുന്ന നാമോരോരുത്തരും ആ പ്രകാശത്തിന്റെ തിരിനാളങ്ങൾ ലോകത്തിന് പകരേണ്ടവരാണ്. വിദ്യാഭ്യാസ മേഖലയിൽ ഉന്നതിയിൽ നിൽക്കുന്ന ഈ സമൂഹം ഇന്ന് എവിടെയൊക്കെയോ ജാതിയുടെയും മതത്തിന്റെയും വർഗ്ഗത്തിന്റെയും വർണത്തിന്റെയും പേരിൽ വേർതിരിക്കപ്പെടുന്നു. ഈ മുൻധാരണകളെ കൂട്ടിച്ചേർത്തുകൊണ്ട് മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം ഇത്തവണ പഠന വിഷയമായി എടുത്തിരിക്കുന്നത് "യുവജനങ്ങൾ സാഹോദര്യത്തിന്റെ അപ്പോസ്തോലർ" എന്ന ആപ്ത വാക്യമാണ്. പരിശുദ്ധ പിതാവ് ഉൾചേർത്തിരിക്കുന്ന വിശ്വസാഹോദര്യത്തിന്റെ പുതുനാമ്പുകൾ ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് യുവജനസഭ ഒന്നാകെ സമൂഹത്തിൽ ഒറ്റപ്പെട്ടവരുടെയും മാറിനിൽക്കേണ്ടി വരുന്നവരുടെയും തഴയപ്പെട്ടവരുടെയും സ്നേഹകവചങ്ങളായി മാറാൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു. മറ്റുള്ളവരെ കേൾക്കുവാനുള്ള മനസ്സും അവരുടെ ആവശ്യങ്ങളിൽ അനുയോജ്യമായി നടത്തുന്ന ഇടപെടലുകളും പലപ്പോഴും ദൈവസ്നേഹത്തിലേക്ക് അനേകം വ്യക്തികളെ കൊണ്ടുവരുന്നതിന് കാരണമാകും. അപ്രകാരം ജീവിതത്തിന്റെ യുവത്വം നിങ്ങൾക്ക് സമ്മാനിച്ച ഈ നല്ല നാളുകളിൽ സാഹോദര്യത്തിന്റെ അപ്പോസ്തോലന്മാരായി സമൂഹത്തെ വാർത്തെടുക്കുവാനും നന്മയെ പരസ്പരം പങ്കുവെക്കുവാനും നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**മോസ്റ്റ് റവ.ഡോ. വിൻസെന്റ് മാർ പൗലോസ്**
(യുവജന കമ്മീഷൻ ചെയർമാൻ)

www.malankaralibrary.com



# ‘ലോകം തുറക്കുന്ന ശ്വേതമേഘങ്ങൾ’

2021 വർഷത്തിൽ, മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങൾക്ക് ധ്യാനിക്കുവാനും നമ്മുടെ കർമപദ്ധതികൾക്ക് ആധാരമാക്കുവാനും ‘യുവജനങ്ങൾ: സാഹോദര്യത്തിന്റെ അപ്പോസ്തോലർ’ എന്ന പഠനവിഷയം നാം പ്രത്യേകമായി തെരഞ്ഞെടുത്തിരിക്കുകയാണല്ലോ.

2020 ഒക്ടോബർ 3-ാം തീയതി അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാളിന് തലേദിവസം വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ കബറിന്റെ ത്രോണോസിൽ വച്ച് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഒപ്പുവച്ച് പ്രസിദ്ധീകരിച്ച ‘ഫ്രത്തെലി തൂത്തി’ എന്ന ചാക്രികലേഖനം അടിസ്ഥാനമാക്കിയാണ് ഈ വർഷത്തെ പഠനവിഷയം തയ്യാറാക്കിയിരിക്കുന്നത്.

ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന ഭൂരിഭാഗം പ്രശ്നങ്ങളുടെയും പ്രധാനകാരണം മനുഷ്യനിൽ മുഴുകിയിരിക്കുന്ന സ്വാർത്ഥചിന്തയാണെന്ന് മനസ്സിലാക്കി അതിനെ നിശ്ശേഷം ദൂരീകരിക്കാൻ മാർപാപ്പാ നമ്മോട് ആഹ്വാനം ചെയ്യുന്നു. സഭയെ സമൂഹത്തിൽ പ്രദർശിപ്പിക്കുവാൻ, സാക്ഷ്യപ്പെടുത്താൻ നാമോരോരുത്തരുടെയും യുവത്വത്തെ കഴിവതും ഉപയോഗിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നതാണ് പരിശുദ്ധ പിതാവിന്റെ വാക്കുകൾ.

ക്രിസ്തുവിൽ ആകൃഷ്ടരായി അയയ്ക്കപ്പെട്ടവരാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ഓരോ യുവജനവും. അപ്പോസ്തോലന്മാർ പെന്തക്കുസ്താ ദിനത്തിൽ പരിശുദ്ധാത്മാവിനാൽ പൂരിതരായി ലോകമെമ്പാടും ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിച്ചു. ഇതേ അപ്പോസ്തോല ദൗത്യം അത്രമേൽ ഗൗരവത്തോടെ നാം ഓരോരുത്തരിലും നിക്ഷിപ്തമായിരിക്കുന്നു.

ഫ്രാൻസിസ് മാർപാപ്പ പ്രത്യേകം പരാമർശിക്കുന്ന, സ്വാർത്ഥത മൂലം അടയ്ക്കപ്പെട്ട ഒരു ലോകത്തെയും ഇരുൾമൂടിയ മേഘങ്ങളെയും തുടച്ചു നീക്കുവാൻ, അസ്സീസിയിലെ ഫ്രാൻസിസ് പഠിപ്പിച്ചതുപോലെ ചുറ്റുമുള്ളവരിൽ ക്രിസ്തുവിനെ കണ്ടുകൊണ്ട് സാഹോദര്യത്തിന്റെ പുത്തൻ അധ്യായങ്ങൾ നാം എഴുതണം.

അടയ്ക്കപ്പെട്ട ലോകം വീണ്ടും തുറക്കുവാൻ, ഇരുണ്ട മേഘങ്ങൾക്ക് പകരം അവിടം ശ്വേതമേഘങ്ങൾ കൊണ്ട് നിറയ്ക്കുവാൻ യുവജനങ്ങളായ നമുക്ക് കഴിയണം...

ലോകത്തെ ഒരു കുടുംബമായി കരുതുവാൻ ആഹ്വാനംചെയ്യുന്ന ചാക്രികലേഖനം എന്നാണ് ഭാരത മെത്രാൻ സമിതിയുടെ അധ്യക്ഷനും മുംബൈയിലെ ആർച്ച്ബിഷപ്പുമായ കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് പിതാവ് പരിശുദ്ധ പിതാവിന്റെ ചാക്രിക ലേഖനത്തെ പറ്റി പങ്കുവെച്ചത്. കലുഷിതവും പ്രശ്നസങ്കീർണ്ണവുമായ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളുടെ നടുവിൽ ആയിരിക്കുന്ന ഇന്നിന്റെ യുവജനങ്ങൾ ഒറ്റക്കെട്ടായി കൈകോർത്ത് നീങ്ങേണ്ട ഈ കാലഘട്ടത്തിൽ, സാഹോദര്യം എന്ന നന്മയെ മുന്നിൽനിർത്തി അതിർത്തികളില്ലാത്ത ഒരു പുത്തൻ ഭൂപടത്തിന് നിറം കൊടുക്കാം... യുവജനങ്ങളുടെ ശക്തിയെയും സാധ്യതകളെയും ഉത്തേജിപ്പിച്ച് കർമ്മ വീഥിയിൽ നമുക്ക് ഒന്നായി അണിചേരാം...

‘യുവജനങ്ങൾ സാഹോദര്യത്തിന്റെ അപ്പോസ്തോലർ’ എന്ന ആപ്തവാക്യത്തിൽ അധിഷ്ഠിതമായ ഒരു കർമ്മവീഥി നമുക്ക് മെനഞ്ഞെടുക്കാം ...

**ജിത്ത് ജോൺ ഫ്രാൻസിസ്**
*എം.സി.വൈ.എം. പ്രസിഡന്റ്*

www.malankaralibrary.com



**ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ**
ഡയറക്ടർ, എം.സി.വൈ.എം.

# സാഹോദര്യത്തിന്റെ യുവജനസഭ...

**2018** ജൂലൈയിൽ മകൾ തെരേസയെ മടിയിലിരുത്തി ടി.വി. കാണുമ്പോൾ മാതൃഭൂമി ചാനലിൽ വന്ന ആ വാർത്ത വിൽസനെ വല്ലാതെ വേദനിപ്പിച്ചു. തിരുവല്ലയ്ക്ക് അടുത്ത് ഓതറയിലുള്ള അഭിരാമി എന്ന കുഞ്ഞ് കരൾ സംബന്ധമായ രോഗത്താൽ ക്ലേശിക്കുന്നു, കരൾ മാറ്റിവെക്കുക മാത്രമാണ് പ്രതിവിധി, ദാതാക്കളെ തേടുന്നു ഇതായിരുന്നു വാർത്ത. രണ്ട് വയസ്സുള്ള തന്റെ മകളുടെ അതേ പ്രായമുള്ള കുഞ്ഞ്, തന്റെ മകൾക്ക് ഇങ്ങനെ ഒരു അവസ്ഥയുണ്ടായാൽ... 29 വയസ് മാത്രം പ്രായമുള്ള വിൽസൻ ഭാര്യയായ ആനിയുമായി ആലോചിച്ച് കരൾ നൽകാം എന്ന തീരുമാനത്തിലെത്തി. 2018 ഓഗസ്റ്റ് മാസത്തിൽ ഓപ്പറേഷന് വിധേയനായി. കരൾ പകുത്ത് നൽകി അഭിരാമിക്ക് ഉയിർ നൽകി. പത്തനംതിട്ട രൂപതയിലെ കോന്നിക്കടുത്ത് അതുമ്പുകുളം ഇടവകാംഗമായ വിൽസൺ എന്ന ചെറുപ്പക്കാരൻ അങ്ങനെ അഭിരാമിയുടെ 'കുടുംബാംഗമായി'.

മാവേലിക്കര രൂപതാംഗമായ പന്തളം കുടശ്ശനാട് സ്വദേശിയായ സിജു ഗൾഫിൽ ട്രക്ക് ഡ്രൈവറായി ജോലി ചെയ്യുന്നു. നൂറുകണക്കിന് പേർക്ക് ജോലി വാങ്ങി നൽകാനും താമസ സൗകര്യം ക്രമീകരിക്കാനും ആയിരക്കണക്കിന് ആളുകളെ സാമ്പത്തികമായി സഹായിക്കാനും സാധിച്ചു. കൊറോണയുടെ കാലത്ത് ജോലി നഷ്ടപ്പെട്ട അനേകർക്ക് ഭക്ഷണവും വസ്ത്രവും നിത്യോപയോഗ സാധനങ്ങളും നൽകാൻ 'ഒറ്റയാൾ പട്ടാള' ദൗത്യത്തിലൂടെ സിജുവിനായി.

പത്തനംതിട്ട രൂപതയിലെ പൂങ്കാവ് ഇടവകയിലെ യുവജനങ്ങൾ ഒരുമിച്ചുകൂടിയെടുത്ത തീരുമാനമായിരുന്നു വീടില്ലാത്തവർക്ക് വീട് വെച്ചു നൽകുക എന്നത്. കൊറോണയുടെ നാളിലായിരുന്നതിനാൽ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ ഉപ്പേരി വിൽപ്പനയും ആക്രി പെറുക്കലും അലങ്കാരച്ചെടി വിൽപ്പനയുമൊക്കെയായി കാര്യങ്ങൾ ഉഷാറായി. ഇടവകക്കാരൊന്നടങ്കം അവരെ പ്രോത്സാഹിപ്പിച്ചു. പ്ലാൻ വരച്ചതു മുതൽ പെയിന്റടിച്ചതുവരെ എല്ലാം യുവജനങ്ങൾ തന്നെ. രണ്ടായിരത്തി ഇരുപതിലെ ക്രിസ്മസ് ദിനത്തിൽ അഭിവന്ദ്യ ഐറേനിയോസ് പിതാവ് വീടിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.


www.malankaralibrary.com

2018 ൽ കേരളത്തെ നടുക്കിയ വലിയ പ്രളയത്തെ നമ്മളാരും മറന്നിട്ടില്ല. പ്രളയക്കെടുതിയിലമർന്നവരെ വിവിധ രീതിയിൽ എല്ലാവരും സഹായിച്ചു. മാവേലിക്കര രൂപതയിലെ കൊല്ലം വൈദിക ജില്ലയിലെ എം.സി.വൈ.എം അംഗങ്ങൾ പണം കണ്ടെത്താനായി കൊല്ലം ജില്ലയിലെ ഓയൂരിനടുത്ത് കുരിശുംമൂട് ജംഗ്ഷനിൽ മീൻ വിൽപ്പന നടത്തി. ഒരാഴ്ച്ചയിലെ പ്രയത്നത്താൽ അമ്പതിനായിരം രൂപതയിലധികം സ്വരൂപിക്കാനവർക്കായി.

മലപ്പുറം ജില്ലയിലെ മൈലാടുംപൊട്ടി എന്ന കുടിയേറ്റ ഗ്രാമത്തിലെ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിലെ യുവജനങ്ങൾ ലോക്ക് ഡൗണിൽ ഒരുമിച്ചു കൂടി നടത്തിയ മൊട്ടയടിക്കൽ ചലഞ്ച് ക്രമേണ ചുറ്റുമുള്ളവരും ഏറ്റെടുത്തു. അമ്പതോളം ആളുകൾ പങ്കാളികളായി. മൊട്ടയടിച്ചവർ ഓരോരുത്തരും നൽകിയ 150 രൂപയും അറിഞ്ഞു കേട്ടവർ നൽകിയതും ചേർത്ത് ലഭിച്ചത് ചുങ്കത്തറയിലെ മാർത്തോമാ ആശുപത്രിയിലെ ഡയാലിസിസ് രോഗികൾക്ക് നൽകി.

ഞാൻ, എനിക്ക്, എന്റെ എന്നുമാത്രം ചിന്തിച്ച് സ്വാർത്ഥതയുടെ മതിൽകെട്ടുകൾ പണിത് ഇന്നിന്റെ ലോകം മുന്നോട്ട് പോകുമ്പോൾ ഒഴുക്കിനെതിരെ ധൈര്യസമേതം നീന്തുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ ഏതാനം യുവജനങ്ങളെ പരിചയപ്പെടുത്തി എന്നുമാത്രം.

ലോകമനഃസാക്ഷിയുടെയും ധാർമ്മികതയുടെയും സ്വരമെന്ന് ഈ കാലഘട്ടം വിശേഷിപ്പിക്കുന്ന ഫ്രാൻസിസ് മാർപാപ്പ 'ഫ്രത്തെലി തൂത്തി' എന്ന തന്റെ ചാക്രിക ലേഖനത്തിൽ സൂചിപ്പിക്കുന്നതും അതാണ്. 'ആധുനീകതയെ ഭരിക്കുന്നത് തുറവിയുടെ സംസ്കാരത്തിൽ നിന്നു വിഭിന്നമായി മതിലുകളുടെ സംസ്കാരമാണ്. നാം സ്വയരക്ഷക്കുവേണ്ടി പുതിയ മതിൽകെട്ടുകൾ നിർമ്മിക്കുന്നു. അങ്ങനെ പുറംലോകം എന്നൊന്ന് ഇല്ലാതാകുന്നു. എന്റെ ലോകം മാത്രം അവശേഷിക്കുന്നു. മതിലുകൾ പണിതുയർത്തുന്നവരാകട്ടെ, തങ്ങൾ പണിത അതേ മതിലുകൾക്കുള്ളിൽ അടയ്ക്കപ്പെട്ട അടിമകൾ ആക്കപ്പെടുന്നു.' (ഫ്രത്തെലി തൂത്തി No.27)

മനുഷ്യരെല്ലാവരും ഒരു കുടുംബത്തിലെ അംഗങ്ങളാണെന്ന കാഴ്ചപ്പാട് ഇന്നത്തെ ലോകത്തിൽ മങ്ങിക്കൊണ്ടിരിക്കുന്ന (ഫ്രത്തെലി തൂത്തി No.30) സാഹചര്യത്തിൽ കൂടെയുള്ളവരെ കരുതുവാനും ചേർത്തു നിർത്തുവാനും അപരനെ വളർത്തുവാനും അങ്ങനെ സന്തോഷത്തിന്റെയും സാഹോദര്യത്തിന്റെയും ഒരു ലോകം കെട്ടിപ്പെട്ടുക്കാനും നമുക്ക് കഴിയണം. യുവാവായ ക്രിസ്തു ലോകത്തിന് നൽകിയത് പ്രത്യാശയുടെ, സന്തോഷത്തിന്റെ സന്ദേശമാണ്. 'അന്ധകാരത്തിൽ സ്ഥിതി ചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു' (മത്താ. 4:16).

'കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല' (1 യോഹ.4 : 20). സഹോദരനെ കാണാൻ കണ്ണില്ലാത്തവന് ദൈവത്തെ കാണാനാകില്ല എന്ന് വിശുദ്ധ ബൈബിൾ നമ്മെ പഠിപ്പിക്കുമ്പോൾ, 'ഓരോരുത്തരും അവനവനു വേണ്ടിയാണ് എന്ന ചിന്ത എല്ലാ മഹാമാരികളെയും കാൾ വലിയ ദുരന്തമാണ്' (ഫ്രത്തെലി തൂത്തി No.36) എന്ന ചിന്ത നമ്മെ അടിവരയിട്ടു വലിയ ഇടയൻ ഓർമ്മിപ്പിക്കുമ്പോൾ കൂടുതൽ തുറവിയുള്ളവരായി കർമ്മമേഖലകളിലേക്ക് ഈ വർഷം നമുക്കിറങ്ങാം...





www.malankaralibrary.com



# യുവജനങ്ങൾ: സാഹോദര്യത്തിന്റെ അപ്പോസ്തോലർ

**"നിങ്ങളെല്ലാം സഹോദരരാണ്."** (മത്തായി 23:8)

**റവ. ഫാ. ബനഡിക്ട് വാറുവിള**



## ആമുഖം

**ലോ**കം മുഴുവൻ കോവിഡ് വിതച്ച നിരാശ ബാധിച്ചിരിക്കുമ്പോൾ പ്രത്യാശയുടെ സ്വപ്നങ്ങൾ വിടർത്തുന്നതാണ് നിങ്ങളെല്ലാം സഹോദരരാണെന്ന വചനം. വലുപ്പചെറുപ്പമില്ലാതെ എല്ലാ മനുഷ്യരും ദുരിതത്തിലായിരിക്കുമ്പോൾ ഈ കാലഘട്ടത്തെ അതിജീവിക്കാൻ സാഹോദര്യത്തിന്റെ സുവിശേഷത്തിനു മാത്രമേ സാധിക്കൂ. ആത്മീയമായും ഭൗതീകമായും സാമ്പത്തികമായും പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ട് കോവിഡ് എന്ന മഹാമാരി വ്യാപിക്കുമ്പോൾ കൂട്ടായ്മയിലൂടെയാണ് നമ്മുടെ രക്ഷ സാധ്യമാകുന്നതെന്ന് നാം ഒരിക്കൽക്കൂടി മനസിലാക്കുന്നു.[1] മനുഷ്യമഹത്വം തിരിച്ചറിഞ്ഞ് മനുഷ്യർക്കിടയിൽ സാഹോദര്യം സംസ്ഥാപിക്കാനുള്ള സമയമാണിത്.[2] അതിനായി എല്ലാ മനുഷ്യർക്കും തുറവിയുള്ള ഒരു ഹൃദയമുണ്ടാകണം. അതുപോലെ തന്നെ എല്ലാ മനുഷ്യരും ഒരേ മനുഷ്യകുടുംബത്തിലെ അംഗങ്ങളാണെന്നും പരസ്പരം സഹോദരങ്ങളാണെന്നുമുള്ള ബോധ്യത്തിലേക്ക് വളരുകയും വേണം. ദൈവസ്നേഹത്താൽ നിറയുമ്പോൾ മാത്രമാണ് സാഹോദര്യത്തിലേക്കുള്ള ദർശനവും കാഴ്ചപ്പാടും തുറവിയും നമുക്ക് ലഭിക്കുന്നത്.[3] ഈ ദൈവസ്നേഹത്താൽ നിറഞ്ഞപ്പോൾ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിനു പ്രപഞ്ചവും അതിലെ സൃഷ്ട വസ്തുക്കളുമെല്ലാം സഹോദരനും സഹോദരിയുമായി. നിരാശയിലേക്ക് പോയികൊണ്ടിരുന്ന ലോകത്തിനു അത് പുതിയ ആത്മീയ ഉണർവായി. സർവ്വത്തിലും പ്രധാനം സ്നേഹമാണ്. ഈ ലോകത്തിലെ ഏറ്റവും വലിയ അപകടം മനുഷ്യർ പരസ്പരം സ്നേഹിക്കുന്നതിലുള്ള പരാജയമാണ്.[4] ദൈവസ്നേഹത്തിൽ അടിസ്ഥാനമായ സാഹോദര്യമാണ് ഈ കാലഘട്ടത്തിനാവശ്യം. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഒരിക്കൽ യുവജനങ്ങളോട് ആഹ്വാനം ചെയ്തത് ഇങ്ങനെയാണ്, "നിങ്ങൾ നിങ്ങളുടെ യുവത്വം അതിന്റെ പൂർണ്ണശക്തിയോടും കഴിവുകളോടും കൂടി ക്രിസ്തീയ സ്നേഹത്തിന്റെ സംസ്കാരം കെട്ടിപ്പടുക്കാൻ സമർപ്പിക്കുക. സമാധാനത്തിനും നീതിയ്ക്കും ഐക്യത്തിനും വേണ്ടി നിങ്ങൾ നിങ്ങളെ തന്നെ വിട്ടുകൊടുക്കുക."[5]

പ്രതികൂല സാഹചര്യങ്ങളുടെ നടുവിൽ ക്രിസ്തു യുവജനങ്ങളെ ക്ഷണിക്കുന്നത് എല്ലാവ


www.malankaralibrary.com

രേയും സഹോദര്യത്തിന്റെ സുവിശേഷം അറിയിക്കാനാണ്. കാരണം ലോകത്തെ മാറ്റിമറിക്കാൻ കഴിയുന്ന ആധുനിക കാലത്തെ സഹോദര്യത്തിന്റെ ശക്തരായ അപ്പോസ്തോലരാണ് യുവജനങ്ങൾ.



## എന്തുകൊണ്ട് യുവജനങ്ങൾ?

കത്തോലിക്കാ തിരുസഭ എല്ലാക്കാലവും അതിന്റെ യുവത്വത്തിലാണ്. കാരണം തിരുസഭയുടെ ശിരസ്സായ ക്രിസ്തു മുപ്പത്തിമൂന്നുകാരനായ യുവാവാണ്. ഈ തിരുസഭയിലാണ് സന്തതസഹചാരിയും യുവജനങ്ങളുടെ സുഹൃത്തുമായ ക്രിസ്തുവിനെ യുവജനങ്ങൾ കണ്ടുമുട്ടുന്നത്.[6] യുവത്വം ഒരു ദൈവവിളിയാണ്. ദൈവത്തിനായി ആത്മാക്കളെ നേടാൻ ദൈവം വ്യക്തികളെ തെരഞ്ഞെടുക്കുന്നത് പ്രധാനമായും യുവത്വത്തിലാണ്. ഉള്ളിലെ ദർശനങ്ങൾക്കും ബോധ്യങ്ങൾക്കും വിശ്വാസങ്ങൾക്കും വേണ്ടി ജീവൻ തന്നെ സമർപ്പിക്കാൻ തീക്ഷ്ണതയുള്ളവരാണ് യുവജനങ്ങൾ. യുവത്വത്തിൽ ദൈവത്തെ കണ്ടുമുട്ടിയ പഴയ നിയമത്തിലെ ന്യായാധിപന്മാരും രാജാക്കന്മാരും പ്രവാചകന്മാരും ദൈവത്തിന്റെ കരങ്ങളിലെ ശക്തമായ ഉപകരണങ്ങളായി. കർത്താവിനെപ്രതിയുള്ള തീക്ഷ്ണതയാൽ ഞാൻ ജ്വലിക്കുകയാണ് എന്ന് പറഞ്ഞ ഏലിയായുടെ തീക്ഷ്ണതയും ഇതാ ഞാൻ എന്നെ അയച്ചാലും എന്ന് പറഞ്ഞ ഏശയ്യായുടെ ഊർജ്ജസ്വലതയും ഈ കാലഘട്ടത്തിൽ യുവജനങ്ങളുടെ സവിശേഷതയാണ്.

പുതിയ നിയമത്തിൽ ശ്ലീഹന്മാരിലേറെപ്പേരും തങ്ങളുടെ വിളി സ്വീകരിക്കുന്നത് യുവത്വത്തിലാണ്. വി. പൗലോസിനെപ്പോലെ ബോധ്യങ്ങളെ അർപ്പണങ്ങളാക്കി മാറ്റുന്നവരാണ് യുവജനങ്ങൾ. ക്രിസ്തുവിൽ എല്ലാവരും സഹോദരങ്ങളാണെന്ന് പ്രഘോഷിച്ച അപ്പോസ്തോലന്മാർ തങ്ങളുടെ ജീവൻ കൊടുത്തും സഹോദരങ്ങളെ ദൈവത്തിന്റെ രക്ഷയറിയിക്കാൻ തയ്യാറായവരാണ്. ഈ കാലഘട്ടത്തിൽ സാഹോദര്യത്തിന്റെ അപ്പോസ്തോലരായി ഒരു പുതിയ ലോകം തീർക്കാൻ ദൈവം തിരഞ്ഞെടുക്കുന്നത് യുവജനങ്ങളെയാണ്. കാരണം മനുഷ്യജീവിതങ്ങളുടെ ഏതു സാഹചര്യത്തിലും കടന്നുചെല്ലാനും സ്വാധീനം ചെലുത്താനും കഴിയുന്നവരാണവർ.

ഈ കാലഘട്ടം പ്രതിസന്ധിയല്ല മറിച്ച് യുവജനശുശ്രൂഷയുടെ പുതിയ വാതായനങ്ങൾ നമുക്ക് മുമ്പിൽ തുറന്നിടുന്നു. അതുകൊണ്ടുതന്നെ നാളെയെക്കുറിച്ചല്ല ഇന്നിനെ കുറിച്ചാണ് നാം ആലോചിക്കേണ്ടത്. തിരുസഭയുടെ 'ഇന്ന്' യുവജനങ്ങളാണ്. യുവജനത പടയാളികളെപ്പോലെയാണ്. യുവത്വത്തിലാണ് രാജ്യസംരക്ഷണത്തിനായി പട്ടാളക്കാർ തിരഞ്ഞെടുക്കപ്പെടുന്നത്. അതുപോലെ ഈ ലോകത്തിൽ പ്രതിസന്ധികൾക്കിടയിൽ ദൈവരാജ്യം കെട്ടിപ്പടുക്കാൻ ദൈവം അയച്ച ഈ കാലഘട്ടത്തിലെ പടയാളികളായ സാഹോദര്യത്തിന്റെ അപ്പോസ്തോലരാണ് യുവജനങ്ങൾ.

## ക്രിസ്തുവിൽ എല്ലാവരും സഹോദരങ്ങൾ

സഹോദരന്റെ കാവൽക്കാരനാണോ ഞാൻ? നിഷ്കളങ്ക രക്തം പതിച്ച ഭൂമിയിൽ നിന്നും മനുഷ്യൻ ദൈവത്തോട് ചോദിച്ച ആദ്യ ചോദ്യമാണിത്. ഈ ചോദ്യത്തിനുള്ള ഉത്തരമാണ് മനുഷ്യൻ നശിക്കാതെ രക്ഷയിലേക്ക് പ്രവേശിക്കാൻ സ്വയം ബലിയായി മനുഷ്യനെ വീണ്ടെടുത്ത് സകലർക്കും കാവലായ യേശുക്രിസ്തു. എല്ലാ മനുഷ്യരും ഏക ദൈവത്തിൽ നിന്നും വരുന്നു. അതിനാൽ തന്നെ ദൈവത്തിന്റെ മക്കളായി പിതാവായ ദൈവത്തിന്റെ ഏക പുത്രനായ യേശുക്രിസ്തു വീണ്ടെടുത്ത സകല മനുഷ്യരും ദൈവതിരുമുമ്പാകെ സഹോദരങ്ങളാണ്. ഈ വലിയ സത്യം വിശുദ്ധ പൗലോസ് പറയുന്നത് ഇപ്രകാരമാണ്, "അവിടുന്ന് മുൻകൂട്ടി അറിഞ്ഞവരെ തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാക്കാൻ മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു. ഇത് തന്റെ പുത്രൻ അനേകം സഹോദരരിൽ ആദ്യജാതനാകുന്നതിനു വേണ്ടിയാണ്"(റോമ 8: 29). ക്രിസ്തുവിന്റെ ശരീരത്തിൽ നിന്നും ഒഴുകിയ രക്തം ഭൂമുഖത്തെ മുഴുവൻ മനുഷ്യരേയും സഹോദരങ്ങളാക്കുന്നു. സഹോദരങ്ങൾ പരസ്പരം കാവൽക്കാരാകാൻ വിളിക്കപ്പെട്ട

> **"കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല."**


www.malankaralibrary.com

വരാണ്. ക്രിസ്തുവിനെപ്പോലെ നമ്മളും സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു (1 യോഹന്നാൻ 3:16). സഹോദരർക്ക് വേണ്ടിയുള്ള ഈ സ്നേഹം പ്രകടമാക്കേണ്ടത് നമ്മുടെ പ്രവർത്തിയിലാണ്. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനേയും സ്നേഹിക്കണം (1 യോഹ. 4:20-21). ലോകം മുഴുവൻ കൊറോണ എന്ന മഹാമാരി വളരെ പ്രതികൂലമായി ബാധിക്കുമ്പോൾ ഈ ഭൂമിയെ രക്ഷിക്കാൻ ജാതി-മത-രാജ്യ- വർണ്ണ വ്യത്യാസമില്ലാതെ "നിങ്ങളെല്ലാം സഹോദരരാണ്" (മത്തായി 23:8) എന്ന സുവിശേഷമാണ് പ്രഘോഷിക്കപ്പെടേണ്ടത്. ഈ സാഹോദര്യത്തിന്റെ സുവിശേഷം ജീവിക്കാനും പ്രഘോഷിക്കാനും ദൈവം പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നവരാണ് യുവജനങ്ങൾ.

## യുവജനങ്ങൾ ക്രിസ്തുവിന്റെ അപ്പോസ്തോലർ

'അപ്പോസ്തൊലോസ്' എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് അപ്പോസ്തോലർ എന്ന വാക്കുരുവായിരിക്കുന്നത്. ഈ വാക്കിനർത്ഥം അയയ്ക്കപ്പെട്ടവർ എന്നാണ്. പെന്തക്കോസ്താ ദിനത്തിൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശ്ലീഹന്മാർ ക്രിസ്തുവിന്റെ ആഹ്വാനമനുസരിച്ച് ലോകത്തിന്റെ അതിർത്തികൾ വരെ യാത്ര ചെയ്ത് ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിച്ചു. അതുപോലെ യുവജനങ്ങളും അയയ്ക്കപ്പെട്ടവരാണ്. കുഞ്ഞുനാൾ മുതൽ വിശ്വാസ പരിശീലനത്തിലൂടെ ദൈവത്തെക്കുറിച്ചു പഠിച്ചു വളരുന്നവർ യൗവനത്തിൽ തങ്ങൾ പഠിച്ച വിശ്വാസം ജീവിക്കാൻ അയയ്ക്കപ്പെടുന്നു. ശിഷ്യത്വത്തിൽ നിന്നും അപ്പോസ്തോലത്വത്തിലേക്കുള്ള വളർച്ചയാണിത്. ഇവിടെ ക്രിസ്തുവിനു വേണ്ടി തങ്ങൾ ആയിരിക്കുന്ന ഇടങ്ങളിൽ ജീവിക്കുന്ന യുവജനങ്ങൾ അയയ്ക്കപ്പെട്ടവരാണ് എന്ന ബോധ്യത്തിൽ വളരണം. അപ്പോസ്തോലരാണ് തങ്ങളെന്ന ബോധ്യത്തിൽ യുവജനങ്ങൾ ദൈവവചനം ശ്രദ്ധാപൂർവ്വം വായിക്കാനും പഠിക്കാനും കൂദാശാ ജീവിതത്തിൽ ആഴപ്പെടാനുമുള്ള മനോഭാവം വളർത്തിയെടുക്കണം. ഈ അപ്പോസ്തോല ദൗത്യം നിറവേറ്റാൻ ദൈവത്തിന്റെ സഹായം കൂടിയേ തീരൂ. തിരുസഭയുടെ ശിരസ്സായ ക്രിസ്തുവിനോടും ക്രിസ്തുവിന്റെ മൗതീക ശരീരമായ തിരുസഭയോടും ചേർന്നുനിൽക്കുമ്പോഴാണ് ഈ അപ്പോസ്തോല ദൗത്യം യുവജനങ്ങൾക്ക് പൂർത്തിയാക്കാൻ കഴിയുന്നത്.[7]

ആരാധന, കൂട്ടായ്മ, സാക്ഷ്യം, പ്രഘോഷണം എന്നിവയിലൂടെയാണ് യുവജനങ്ങൾ തങ്ങളുടെ അപ്പോസ്തോല ജീവിതം ആഴപ്പെടുത്തേണ്ടത്.

## ആരാധന

ആരാധനയിലെ സജീവ പങ്കാളിത്തമാണ് അയയ്ക്കപ്പെടുന്ന യുവജനങ്ങളുടെ ജീവിതത്തിന്റെ പ്രഭവസ്ഥാനം.[8] വിശുദ്ധ കുർബാനയോടും മറ്റെല്ലാ കൂദാശകളോടും പ്രാർത്ഥനകളോടും അഗാധമായ സ്നേഹം യുവജനങ്ങൾ ഹൃദയത്തിൽ രൂപപ്പെടുത്തണം. ആരാധനയിൽ അധിഷ്ഠിതമായ ജീവിതമായിരിക്കണം യുവജനങ്ങളുടേത്. വിശുദ്ധ കുർബാനയില്ലാത്ത ജീവിതങ്ങൾ ശൂന്യങ്ങളായി മാറും. വിശുദ്ധ കുർബാന സാധ്യമായ എല്ലാ ദിവസങ്ങളിലും അനുഭവിക്കാൻ ഈ കാലഘട്ടത്തിൽ യുവജനങ്ങൾ പ്രത്യേകം തീരുമാനമെടുക്കണം. ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രമായ പരിശുദ്ധ കുർബാനയുടെ അവസാന ഭാഗത്ത് സമാധാനത്താലെ പോകുക എന്ന് വൈദികൻ പറയുമ്പോൾ ലോകം മുഴുവൻ വചനം അറിയിക്കാൻ ക്രിസ്തു ശിഷ്യന്മാർക്ക് നല്കിയ ഉത്തരവാദിത്തം യുവജനങ്ങൾ ഹൃദയത്തിൽ പേറുന്നു. ഈ പ്രഘോഷണം ആരംഭിക്കേണ്ടത് സ്വന്തം ഭവനത്തിൽ നിന്നുമാണ്. ആത്മീയകാര്യങ്ങൾ നിർവ്വഹിക്കാൻ ദൈവാലയത്തിൽ പോകാൻ കഴിയാത്ത ഒരു സാഹചര്യം കാലഘട്ടം നമുക്കു തരുമ്പോൾ ഭവനങ്ങൾ പ്രാർത്ഥനാലയങ്ങളാക്കി മാറ്റാൻ യുവജനങ്ങൾക്ക് കഴിയണം. ഭവനങ്ങളിൽ നിന്നും പ്രാർത്ഥനയുടെ സ്വരം ഉയരാത്ത ഒരു ദിവസം പോലും യുവജനങ്ങളുടെ ജീവിതത്തിൽ ഉണ്ടാകരുത്.



## കൂട്ടായ്മ

അയയ്ക്കപ്പെടുന്ന വ്യക്തിക്ക് അയച്ച വ്യക്തിയുമായി അടിയുറച്ച ബന്ധമുണ്ടായിരിക്കണം. ദൈവവുമായുള്ള വ്യക്തിപരമായ ബന്ധമാണ് അപ്പോസ്തോലരുടെ ജീവിതത്തെ മുന്നോട്ടു നയിക്കുന്നത്. പ്രതിസന്ധികളിൽ അവർ ദൈവത്തിൽ പൂർണ്ണമായും ആശ്രയം വയ്ക്കുന്നു. ദൈവവുമായുള്ള ഈ കൂട്ടായ്മ അപ്പോസ്തോലരെ സഹോദരങ്ങളിലേക്ക് നയിക്കുന്നു. അതുകൊണ്ടു തന്നെ സാഹോദര്യത്തിന്റെ വക്താക്കളായ യുവജനങ്ങൾ എപ്പോഴും ദൈവവുമായും സഹോദരങ്ങളുമായും കൂട്ടായ്മയിൽ ആയിരിക്കണം.


www.malankaralibrary.com

വ്യക്തിപരമായ പ്രാർത്ഥന ദൈവവുമായുള്ള കൂട്ടായ്മയിൽ വളരാൻ യുവജനങ്ങളെ സഹായിക്കും. ഓരോ നിമിഷവും ദൈവവുമായുള്ള കൂട്ടായ്മയിൽ ആയിരിക്കുന്നവർക്ക് എല്ലാവരെയും സഹോദരങ്ങളായി കാണാനും ആ സാഹോദര്യവലയത്തിലേക്ക് എല്ലാവരെയും ഒന്നുചേർക്കാനും എളുപ്പത്തിൽ സാധിക്കും. ദൈവവുമായുള്ള കൂട്ടായ്മയില്ലാതെ സാഹോദര്യം ഒരിക്കലും സാധ്യമല്ല.

### സാക്ഷ്യം

വിശുദ്ധ പോൾ ആറാമൻ മാർപാപ്പ പറയുന്നത് ആഴമായ ക്രിസ്തീയ ജീവിതമാണ് നമ്മുടെ ആദ്യ സുവിശേഷ സാക്ഷ്യം. ആധുനിക മനുഷ്യൻ ശ്രവിക്കുന്നത് സാക്ഷികളെയാണ് പ്രസംഗകരെ അല്ല. അവർ പ്രസംഗകരെ ശ്രവിക്കുന്നുണ്ടെങ്കിൽ പ്രസംഗകർ സാക്ഷികളായത് കൊണ്ടാണ്.[9] തങ്ങളുടെ ജീവിത വിശുദ്ധി കൊണ്ടാണ് അയയ്ക്കപ്പെടുന്ന അപ്പോസ്തോലർ ആദ്യമായി ക്രിസ്തുവിൽ സാഹോദര്യം പ്രഘോഷിക്കേണ്ടത്. ഈ ലോകത്തിലെ അന്ധകാരശക്തികളോട് പൊരുതാനുള്ള ധൈര്യവും വിശുദ്ധിയും അപ്പോസ്തോലരായ യുവജനങ്ങൾക്കുണ്ടാകണം.

കർദ്ദിനാൾ ആവറി ഡള്ളസ് രക്തസാക്ഷിത്വത്തെയാണ് വ്യക്തിപരമായ സാക്ഷ്യത്തിന്റെ ഏറ്റവും വലിയ അടയാളമായി കാണുന്നത്. ആദിമസഭയിൽ വിശ്വാസത്തിനു വേണ്ടി ജീവൻ വെടിഞ്ഞ രക്തസാക്ഷിയായ സ്തേഫാനോസിൽ തുടങ്ങി നമ്മുടെ ഈ കാലഘട്ടത്തിലും തുടരുന്നുണ്ട് വിശ്വാസത്തിനു വേണ്ടി ജീവൻ വെടിയുന്നവരുടെ വലിയ സാക്ഷ്യനിര.[10] അവരാണ് ക്രൈസ്തവ സാക്ഷ്യത്തിന്റെ ഉത്തമ മാതൃകകൾ. ഇന്നും അപ്പോസ്തോലരായ യുവജനങ്ങൾ വിശ്വാസത്തിനു വേണ്ടി ജീവൻ സമർപ്പിക്കാൻ തയ്യാറാകേണ്ടവരാണ്. കാരണം വിശ്വാസസാക്ഷ്യത്തിന് വേണ്ടി ജീവൻ സമർപ്പിച്ചവരാണ് അപ്പോസ്തോലർ. അയയ്ക്കപ്പെടുന്നവരുടെ ജീവിതങ്ങൾ തന്നെയാണ് മറ്റുള്ളവർ ശ്രദ്ധിക്കുന്ന ആദ്യ സുവിശേഷം.[11] യുവജനങ്ങളുടെ ജീവിതം സാഹോദര്യത്തിന്റെ ആദ്യ സുവിശേഷമായി മാറണം. അപ്പോഴാണ് സാഹോദര്യത്തിന്റെ സാക്ഷികളായി യുവജനങ്ങൾക്ക് ജീവിക്കാൻ കഴിയുന്നത്.

### പ്രഘോഷണം

അപ്പോസ്തോലരായ യുവജനങ്ങൾ തങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ ക്രിസ്തുവിനെ പ്രഘോഷിക്കേണ്ടവരാണ്. പ്രഘോഷണം വാക്കുകളിലൂടെ മാത്രമല്ല പ്രവർത്തികളിലൂടെയുമാണ് നടക്കേണ്ടത്. ആധുനിക മനുഷ്യൻ പ്രസംഗങ്ങൾ കേട്ട് കേട്ട് തളർന്നവരാണ്. അതുകൊണ്ടുതന്നെ ഈ കാലഘട്ടത്തിൽ യുവജനങ്ങൾ സഹോദര്യത്തിന്റെ പ്രഘോഷണത്തിനു വിവിധതരം വഴികൾ ഉപയോഗിക്കണം.[12]



സാമൂഹിക മാധ്യമങ്ങളിലൂടെ ക്രിയാത്മകമായ രീതിയിൽ ഈ സാഹോദര്യത്തിന്റെ സുവിശേഷം യുവജനങ്ങൾ ലോകം മുഴുവനും അറിയിക്കണം. ഈ സാഹോദര്യം മനുഷ്യ ഹൃദയങ്ങളിൽ ഉറപ്പിക്കാനുള്ള ഉത്തരവാദിത്തവും യുവജനങ്ങങ്ങൾക്കുണ്ട്. സഹോദര്യം പ്രഘോഷിക്കാതെ ഈ ലോകത്തെ രക്ഷിക്കാനുള്ള വഴി ഈ ലോകം എങ്ങനെയറിയും? യുവജനങ്ങളുടെ ജീവിതം വഴി സാഹോദര്യം ഈ ലോകത്തിൽ പ്രഘോഷിക്കപ്പെടട്ടെ. അപ്പോസ്തോലരായ യുവജനങ്ങൾ സാക്ഷ്യം നൽകി സാഹോദര്യം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടവരാണ്. ലോകത്തിന് മരിച്ച് ക്രിസ്തുവിനു വേണ്ടി സാഹോദര്യത്തിന്റെ അപ്പോസ്തോലരായി ജീവിക്കാൻ വിളിക്കപ്പെട്ടവരാണവർ.

### സാഹോദര്യം ഈ കാലഘട്ടത്തിൽ സാധ്യമോ?

ഇന്നുവരെ കടന്നുപോകാത്ത പ്രതിസന്ധിയിലൂടെയാണ് ലോകം മുഴുവൻ നീങ്ങുന്നത്. ഇവിടെ സാഹോദര്യത്തിന്റെ സുവിശേഷം നേരിടുന്ന വെല്ലുവിളികളുണ്ട്. വെല്ലുവിളികൾ എങ്ങനെ സാധ്യതകളാക്കണമെന്ന് വളരെ ഗൗരവമായി നാം ചിന്തിക്കേണ്ടതുണ്ട്. സംസ്കാരം, രാഷ്ട്രീയം, സാമൂഹിക മാധ്യമങ്ങൾ, മതതീവ്രവാദം, യുവജന ശുശ്രൂഷ എന്നീ മേഖലകളിലാണ് സാഹോദര്യത്തിന്റെ വിത്തുകൾ ആദ്യം പാകേണ്ടത്.

### സംസ്കാരം

ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ ദുരന്തമെന്നത് സുവിശേഷവും സംസ്കാരവും തമ്മിലുള്ള അകലമാണ്.[13] സാഹോദര്യം പ്രാവർത്തികമാക്കാൻ തടസ്സമായി നിൽക്കുന്നതും ഈ വലിയ വിടവാണ്. അതുകൊണ്ടുതന്നെ നമ്മുടെ സംസ്കാരത്തിൽ സാഹോദര്യത്തിന്റെ വേരുകൾ ആഴ്ന്നിറങ്ങണം. കുടുംബങ്ങളുടെ പ്രാധാന്യം ഉയർത്തിക്കാട്ടി മനുഷ്യന്റെ മഹത്വം തിരിച്ചറിഞ്ഞ് സമൂഹത്തിന്റെ നന്മയ്ക്കു വേണ്ടി ക്രിസ്തുവിന്റെ നാമത്തിൽ ഈ സാഹോദര്യം യുവജനങ്ങൾ പ്രഘോഷിക്കണം. വികാരം നഷ്ടപ്പെട്ട, സാഹോദര്യത്തിന്റെ വില മറന്നുപോയ, സ്വന്തം കാര്യം മാത്രമാണ് വലുത് എന്ന് ചിന്തിക്കുന്ന ഈ സംസ്കാരത്തിന് നിങ്ങൾ അനുരൂപരാകരുത്. വി. പൗലോസ്


www.malankaralibrary.com

ശ്ലീഹാ പറയുന്നപോലെ "നിങ്ങളുടെ മനസിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ" (റോമാ .12:2). സാമൂഹിക സൗഹൃദങ്ങൾക്കും ആരോഗ്യപരമായ സംഭാഷണങ്ങൾക്കും സംവാദങ്ങൾക്കും സമൂഹത്തെ മുന്നോട്ടു നയിക്കാനുള്ള പുതിയ പാലങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.[14] സാഹോദര്യമുണ്ടാകാൻ സമത്വമുണ്ടാകണം.[15] അതിനായി സമൂഹത്തിലെ പാവപ്പെട്ടവരെ സമത്വത്തിലേക്കാനയിക്കാൻ യുവജനങ്ങൾക്കു കഴിയണം.[16] നമ്മുടെ സംസ്കാരത്തിനനുസരിച്ച് ക്രിസ്തുവിലുള്ള സാഹോദര്യം മത-ജാതി വ്യത്യാസമില്ലാതെ രൂപപ്പെടുത്താൻ നമുക്ക് ഉത്തരവാദിത്തമുണ്ട്.

### രാഷ്ട്രീയം

ലോകം മുഴുവൻ സാമ്പത്തികമായി തകരുമ്പോൾ ദർശനമില്ലാത്ത രാഷ്ട്രീയം ജനജീവിതങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. സാമ്പത്തികമായ സ്വാർത്ഥ ലാഭങ്ങൾ മാത്രം പൊതുജനസേവകർ ലക്ഷ്യമാക്കുമ്പോൾ ജനസേവനം മലിനമാക്കപ്പെടുന്നു. അതുകൊണ്ടുതന്നെ ശുദ്ധീകരിക്കപ്പെട്ട, സാമൂഹിക പ്രതിബദ്ധതയുള്ള രാഷ്ട്രീയ സാഹചര്യം നമുക്കുണ്ടാകണം.[17] സാമൂഹിക നന്മ മാത്രമായിരിക്കണം അതിന്റെ ലക്ഷ്യം.[18] വിദ്യാഭ്യാസമുള്ള, വ്യക്തിത്വമുള്ള, ആത്മീയതയിൽ ജ്വലിക്കുന്ന, മാനുഷിക നന്മ മാത്രം ലക്ഷ്യം വയ്ക്കുന്ന പൊതുജനസേവകർ കാലഘട്ടത്തിന്റെ ആവശ്യമാണ്. സാഹോദര്യത്തിന്റെ കെട്ടുറപ്പ് മനുഷ്യരുടെയിടയിൽ സൃഷ്ടിക്കാൻ ഇങ്ങനെയുള്ള നല്ല പൊതുജനസേവകർക്ക് കഴിയും.

### സാമൂഹിക മാധ്യമങ്ങൾ

ഇരുപത്തിയൊന്നാം നൂറ്റാണ്ട് സാമൂഹിക മാധ്യമങ്ങളുടെയും വിവര-സാങ്കേതിക വിദ്യകളുടെയും യുഗമാണ്. ഈ കാലത്ത് അകലങ്ങളൊന്നും അകലങ്ങളല്ല. എല്ലാവരും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. എങ്കിലും ആത്മാർത്ഥമായ സംഭാഷണങ്ങളും ബന്ധങ്ങളും നമുക്കിന്നു നഷ്ടമാകുന്നു.[19] ഇവിടെയാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ യുവജനങ്ങളോട്



പറയുന്നത്, "തിരുസഭയക്ക് ഈ കാലഘട്ടത്തിൽ വിശുദ്ധരെ വേണം. സംഗീതം ശ്രവിക്കുന്ന, ജീൻസിടുന്ന, സൗഹൃദങ്ങൾ കാത്തുസൂക്ഷിക്കുന്ന വിശുദ്ധരെ."[19a] ഇന്ന്, സമൂഹബന്ധങ്ങളിൽ നിന്നും ഒളിച്ചോടി ഒരു വിഭാഗം യുവജനങ്ങൾ ഒറ്റപ്പെട്ട് ഇന്റർനെറ്റിൽ കുടുങ്ങിക്കിടക്കുന്നു. അവർ ആത്മീയതയും ജീവിതവും ബന്ധങ്ങളും ഒരു സ്ക്രീനിൽ ഒതുക്കുന്നു. ഇവിടെ യുവജനങ്ങൾ മാറ്റം കൊണ്ടുവരാനുള്ള അപ്പോസ്തോലരാണ്. സാമൂഹിക മാധ്യമങ്ങൾ അതിന്റെ ശരിയായ അർത്ഥത്തിൽ സുവിശേഷവത്കരണത്തിന് ഉപയോഗിക്കാനും ദൈവാലയത്തിൽ ഒരുമിച്ചു കൂടാൻ കഴിയാത്ത സാഹചര്യങ്ങളിൽ ഉത്തരവാദിത്വത്തോടുകൂടി ഓൺലൈൻ പ്രാർത്ഥനകൾ നടത്താനും യുവജനങ്ങളുടെ ബൗദ്ധിക വളർച്ചയ്ക്കു വേണ്ടി സാമൂഹിക മാധ്യമങ്ങൾ പ്രയോജനപ്പെടുത്തണം. സാഹോദര്യം സംസ്ഥാപിക്കാൻ സാമൂഹ്യബന്ധങ്ങൾ പുനഃസ്ഥാപിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. അതിനായി സാമൂഹിക മാധ്യമങ്ങളുടെ നല്ല വശങ്ങളും തെറ്റായ വശങ്ങളും യുവജനങ്ങൾ കൃത്യമായും അറിഞ്ഞിരിക്കണം.

### മതതീവ്രവാദം

വിഭജിക്കപ്പെട്ടതാണ് നമ്മുടെ ലോകം, പ്രത്യേകിച്ച് മതത്തിന്റെ പേരിൽ. മതത്തിന്റെ പേരിൽ തീവ്രവാദവും തങ്ങളുടെ മതത്തിൽ ആളെ ചേർക്കാൻ ഏത് വഴിയും സ്വീകരിക്കുന്ന സാഹചര്യവും നിലനിൽക്കുമ്പോഴാണ് യുവജനങ്ങൾ സാഹോദര്യം ജീവിക്കാനും പ്രഘോഷിക്കാനും വിളിക്കപ്പെട്ടിരിക്കുന്നത്.

സാഹോദര്യത്തിന്റെ അടിസ്ഥാനം എല്ലാവരുടെയും പിതാവായ ഏകദൈവത്തിലേക്ക് ഒരു തുറവിയുണ്ടാകണമെന്നതാണ്.[20] എല്ലാവരും ദൈവത്തെ ഹൃദയപൂർവ്വം ഒരുമിച്ചന്വേഷിക്കണം.[21] പുതിയ സമൂഹത്തെ പണിതുയർത്താൻ പുതിയ ഒരാത്മീയ ഉണർവ്വ് നമുക്ക് വേണം.[22] മതങ്ങൾക്കിടയിൽ സമാധാനം സൃഷ്ടിക്കുന്ന സാഹോദര്യം ഉരുവാകണം. മതതീവ്രവാദം മതങ്ങളുടെ മൗലീകബോധ്യങ്ങളെയും മതങ്ങളുടെ ആത്മാവിനേയും നശിപ്പിക്കും.[23]

### യുവജന ശുശ്രൂഷ

ദൈവാലയങ്ങൾ അടച്ചിടപ്പെടുമ്പോഴും ലോക്ക്ഡൗണിൽ വീടുകളിൽ നിന്നും പുറത്തിറങ്ങാൻ കഴിയാതിരിക്കുമ്പോഴും യുവജന ശുശ്രൂഷ അതിന്റെ പുതിയ മാനങ്ങൾ കൈവരിക്കുന്നു. ശുശ്രൂഷയുടെ പുതിയ വാതിലുകൾ പ്രതിസന്ധികൾ നമുക്ക് തുറന്നു തരുന്നു. കാരണം ശരീരത്തെ വീടുകൾക്കുള്ളിൽ തളച്ചിടുമ്പോഴും ദൈവത്തിന് വേണ്ടി തുടിക്കുന്ന ഹൃദയമുള്ള യുവജനങ്ങൾ പ്രാർത്ഥനയിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയും സാഹോദര്യത്തിന്റെ സുവിശേഷം പ്രഘോഷിക്കണം. ആദ്യം സ്വന്തം വീടുകളിൽ, ദൈവാലയത്തിൽ, പഠിക്കുന്ന ഇടങ്ങളിൽ, ജോലി


www.malankaralibrary.com

ചെയ്യുന്ന സ്ഥലങ്ങളിൽ അത് പടർന്നു പന്തലിക്കണം. സമൂഹത്തിൽ കൊറോണ പടർന്നു പിടിക്കുന്നതിന്റെ ഇരട്ടി വേഗത്തിൽ സാഹോദര്യത്തിന്റെ സുവിശേഷം ഹൃദയങ്ങളിൽ ഇടം നേടണം.

## നോ ടൈം syndrome

ദൈവീക കാര്യങ്ങൾക്ക് സമയമില്ല എന്ന യുവജനങ്ങളുടെ വാദം ഈ കാലഘട്ടത്തിൽ വളരെ ശക്തമാണ്. ഫുൾട്ടൻ ജെ. ഷീൻ ഒരിക്കൽ പറഞ്ഞു ദൈവത്തിനു വേണ്ടി കുറച്ചു സമയം പോലും മാറ്റിവയ്ക്കാൻ പറ്റാത്തവർ അവരെ സൃഷ്ടിച്ച ദൈവത്തെക്കാൾ തിരക്കുള്ളവരാണ്. ദൈവമാണ് എല്ലാത്തിനുമടിസ്ഥാനം. ശുശ്രൂഷയ്ക്കായി സമയം മാറ്റിവയ്ക്കാൻ യുവജനങ്ങൾക്കാകണം. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം പഠിപ്പിക്കുന്നതുപോലെ ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ദൈവത്തെ അറിയാനും സ്നേഹിക്കാനും അവിടുത്തെ ശുശ്രൂഷിക്കാനും നിത്യതയോളം അവിടുത്തോടൊപ്പം ആനന്ദത്തിൽ ആയിരിക്കാനുമാണ്. അറിയാത്ത ദൈവത്തെ സ്നേഹിക്കാനും ശുശ്രൂഷിക്കാനുമാവില്ല. സാഹോദര്യത്തിന്റെ അപ്പോസ്തോലരാകാൻ യുവജനങ്ങൾ ദൈവത്തെ കൂടുതൽ അറിയുകയും വചനം ആഴത്തിൽ പഠിക്കുകയും വചനം ജീവിക്കുകയും ചെയ്യണം.

## സാഹോദര്യത്തിന്റെ അപ്പോസ്തോലരാകാനുള്ള ഏഴ് വഴികൾ (നല്ല സമരിയാക്കാരൻ = നല്ല സഹോദരൻ)

സാഹോദര്യത്തിന്റെ അപ്പോസ്തോലരാകുക എന്നത് പടിപടിയായുള്ള ജീവിത വളർച്ചയാണ്. യുവജനങ്ങൾ അതിനായി പ്രത്യേകം പ്രാർത്ഥിക്കുകയും ആത്മീയമായി ഒരുങ്ങുകയും വേണം. വചനത്തിൽ നാം കണ്ടുമുട്ടുന്ന നല്ല അയൽക്കാരനായ സമരിയാക്കാരനാണ് ഏറ്റവും നല്ല സഹോദരൻ. ഈ കാലഘട്ടത്തിൽ നല്ല സമരിയാക്കാരനെ പോലെ നല്ല സഹോദരനാകാൻ ഏഴ് പടികളുണ്ട്. ഈ ഏഴു പടികളെ മൂന്ന് വാക്കുകളിൽ ചുരുക്കാം : കാണുക, മനസ്സിലാക്കുക, പ്രവർത്തിക്കുക.

ഈ കലുഷിതമായ ലോകത്തിൽ നല്ല സഹോദരനാകാൻ ചെയ്യേണ്ട ഏഴ് കാര്യങ്ങൾ ഇവയാണ്: കാണുക (മനസ്സലിയുക), അടുത്ത് ചെല്ലുക, സാവധാനം ശുശ്രൂഷിക്കുക (മുറിവ് വച്ചുകെട്ടുക), കൂടെ നടക്കുക, സത്രത്തിലേക്ക് എത്തിക്കുക, സത്രം കാവൽക്കാരനെ ഏൽപ്പിക്കുക, ഉള്ളതെല്ലാം നല്കുക.

### 1. കാണുക- മനസ്സലിയുക (വി. ലൂക്കാ 10: 33)

നമ്മളെല്ലാവരും ഒരുമിച്ച് ദൈവത്തിലേക്ക് യാത്ര ചെയ്യുന്നവരാണ്. പ്രതീക്ഷിക്കാത്ത ഒരു മഹാദുരന്തം ലോകത്തിൽ എല്ലാവരെയും ബാധിക്കുമ്പോൾ സമരിയാക്കാരൻ ചെയ്തപോലെ നമുക്ക് ഒന്ന് നിൽക്കാൻ കഴിയണം, അടുത്ത് നിൽക്കുന്ന വ്യക്തിയെ കാണാൻ കഴിയണം, അവരുടെ അവസ്ഥ മനസ്സിലാക്കാൻ കഴിയണം, കൂടാതെ അവരുടെ അവസ്ഥയിൽ നമുക്ക് മനസ്സലിവുണ്ടാകണം. ഇതാണ് സാഹോദര്യത്തിന്റെ അപ്പോസ്തോലരാകാനുള്ള ആദ്യപടി. ക്രിസ്തുസ്നേഹം ഉള്ളിൽ നിറയുമ്പോഴാണ് സമൂഹത്തിൽ വീണുപോയ വ്യക്തികളെ കാണുമ്പോൾ നമുക്ക് മനസ്സലിവുണ്ടാകുന്നത്. രോഗികളേയും വേദനയനുഭവിക്കുന്നവരേയും കണ്ടപ്പോൾ യേശുവിന്റെ മനസലിഞ്ഞു. മറ്റൊരാളുടെ വേദനകൾ ഹൃദയത്തിൽ ഏറ്റെടുക്കുമ്പോഴാണ് ഒരാൾക്ക് മനസലിവുണ്ടാകുന്നത്. യുവജനങ്ങൾ തങ്ങളോടുതന്നെ ചോദിക്കണം ഞങ്ങൾക്കു മറ്റുള്ളവരുടെ വേദനകൾ കാണാൻ കഴിയുന്നുണ്ടോ? അതുകണ്ട് ഞങ്ങളുടെ മനസ്സലിയുന്നുണ്ടോ? ദുരന്തങ്ങൾ വരുന്നത് വരെ കാത്തിരിക്കരുത് നമ്മുടെ മനസ്സലിയാൻ. ഓരോ നിമിഷവും സാഹോദര്യത്തിന്റെ അപ്പോസ്തോലരായ യുവജനങ്ങൾ മറ്റുള്ളവരെ കണ്ട് അവരുടെ അവസ്ഥ മനസ്സിലാക്കി മനസ്സലിവുള്ളവരാകണം. ജീവിതത്തിലെ ചില യാഥാർഥ്യങ്ങൾ കണ്ണീരിനാൽ ശുദ്ധമാക്കപ്പെട്ട കണ്ണുകൾക്ക് മാത്രമേ കാണാൻ കഴിയൂ.[24] മറ്റുള്ളവരുടെ കണ്ണുനീർതുള്ളികൾ നിങ്ങളുടേതാകണം. മനസ്സലിവോടെ മറ്റുള്ളവരെ നോക്കുമ്പോൾ അവരുടെ യഥാർത്ഥ അവസ്ഥ നമുക്ക് മനസിലാക്കാൻ കഴിയും. ഹൃദയ അലിവുള്ളവർക്കു മാത്രമേ സാഹോദര്യത്തിന്റെ അപ്പോസ്തോലരാകാൻ കഴിയൂ.

### 2. അടുത്ത് ചെല്ലുക (വി. ലൂക്കാ 10: 34)

നല്ല സഹോദരനായ സമരിയാക്കാരൻ വീണു കിടക്കുന്ന വ്യക്തിയെ കണ്ടു മനസ്സലിഞ്ഞു അടുത്ത് ചെല്ലുന്നു. അടുത്ത് ചെല്ലുക എന്നതാണ് സാഹോദര്യത്തിന്റെ അപ്പോസ്തോലരാകാനുള്ള രണ്ടാമത്തെ പടി. ചുറ്റും നാം കാണുന്ന വ്യക്തികളുടെ അടുത്ത് ചെല്ലുക. അവരുടെ വേദനയിൽ നമ്മുടെ സാമീപ്യം തന്നെ വലിയ ആശ്വാസമാണ്. ആ ആശ്വാസം വീണുപോയവർക്ക് അവർ ഒറ്റയ്ക്കല്ലെന്നും അവരെ സഹായിക്കാൻ സഹോദരങ്ങളുണ്ടെന്നുമുള്ള വലിയ ബോധ്യം ലഭിക്കുന്നു. അതുകൊണ്ട് സഹോദരങ്ങളുടെ അടുത്തേക്ക് മനസ്സലിവോടെ പോകുക എന്നുള്ളതാണ് സാഹോദര്യത്തിന്റെ അപ്പോസ്തോലരാകാൻ വിളിക്കപ്പെട്ടവർ ചെയ്യേണ്ട രണ്ടാമത്തെ കാര്യം.

### 3. സാവധാനം ശുശ്രൂഷിക്കുക- മുറിവ് വച്ചുകെട്ടുക (വി. ലൂക്കാ 10: 34)

വീണുകിടന്ന മനുഷ്യന്റെ അടുത്തെത്തിയ സമരിയാക്കാരൻ ആ മനുഷ്യന്റെ ശരീരത്തിലെ മുറിവുകൾ സാവധാനം വച്ചുകെട്ടി. ക്രിസ്തുവിന്റെ കണ്ണുകളിലൂടെ നോക്കുന്നവർക്ക് മാത്രമേ അടുത്ത് നിൽക്കുന്ന വ്യക്തിയിലെ മുറിവുകൾ കാണാൻ


www.malankaralibrary.com



കഴിയൂ. മുറിവുകൾ ശാരീരികം ആയിരിക്കണമെന്നില്ല. അത് ആത്മീയമാകാം, മാനസികമാകാം, ബൗദ്ധീക മാകാം, സാമ്പത്തികമാകാം, രാഷ്ട്രീയവുമാകാം. കൃത്യ മായി അടുത്തയാളിലെ മുറിവുകൾ മനസിലാക്കാനും ശുശ്രൂഷിക്കാനും കഴിയുന്നവർക്ക് മാത്രമേ സാഹോ ദര്യത്തിന്റെ അപ്പോസ്തോലരാകാൻ കഴിയൂ.

**4. കൂടെ നടക്കുക (വി. ലൂക്കാ 10: 34)**

മുറിവുകൾ വച്ച് കെട്ടിയ ശേഷം ആ മനുഷ്യന്റെ കൂടെ സമരിയക്കാരൻ നടക്കുന്നു. ഇതാണ് സാഹോദ ര്യത്തിന്റെ അപ്പോസ്തോലർക്ക് ഉണ്ടാകേണ്ട പ്രധാന സവിശേഷത – കൂടെ നടക്കുക. കൂടെ നടക്കുന്നത് ഒരു കലയാണ്. കൂടെ നടക്കുമ്പോൾ വേഗതയും നോട്ടവും സാമീപ്യവും കൂടെയുള്ള ആളിന് സൗഖ്യവും ദൈവാ നുഭവവും വിമോചനവും ക്രിസ്തീയ ജീവിതത്തിന്റെ ആഴവും പകർന്നു നൽകണം.[25]

ഈ കാലഘട്ടത്തിൽ കൂടെനടക്കുന്ന അനു ഭവം സാഹോദര്യത്തിന്റെ സുവിശേഷം അറിയിക്കാൻ മറ്റേതു കാലത്തേക്കാളും അത്യാവശ്യമാണ്. പക്ഷെ കൂടെ നടക്കുന്നവർ പ്രാവുകളെ പോലെ നിഷ്കളങ്ക രും സർപ്പങ്ങളെ പോലെ വിവേകികളും ആയിരി ക്കണം (മത്തായി 10:16). അല്ലെങ്കിൽ കൂടെ നടക്കുന്ന വരും സാഹോദര്യം സ്ഥാപിക്കാൻ കഴിയാതെ തെറ്റായ ബോധ്യങ്ങളിൽ വീണുപോകും. മുറിവേറ്റ വരുടെ കൂടെ നടക്കുന്ന സാഹോദര്യത്തിന്റെ അപ്പോ സ്തോലർക്ക് മുറിവേറ്റ വ്യക്തിയെ കേൾക്കാൻ മനസ്സു ണ്ടാകണം. കേൾക്കുകയും ആരോഗ്യപരമായ സംഭാ ഷണവും സംവാദവും നടത്തുകയും ചെയ്തില്ലെ ങ്കിൽ ആത്മീയമായ ദൈവീക ഇടപെടൽ അവിടെ ഉണ്ടാകില്ല.[26]

**5. സത്രത്തിലേക്ക് എത്തിക്കുക (വി. ലൂക്കാ 10: 34)**

സമരിയാക്കാരൻ മുറിവേറ്റ വ്യക്തിയുമായി പോകുന്നത് സത്രത്തിലേക്കാണ്. എവിടേക്കാണ് സാഹോദര്യത്തിന്റെ അപ്പോസ്തോലർ മുറിവേറ്റവരെ എത്തിക്കേണ്ടത്? പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ പറയുന്നു "തിരുസഭ ഒരു ആതുരാലയമാണ്. ബല ഹീനരും മുറിവേറ്റവരുമുള്ള ആതുരാലയം."[27] എല്ലാ വരും ആനയിക്കപ്പെടേണ്ടത് ഈ തിരുസഭയിലേക്കാ ണ്. ക്രിസ്തീയ വിശ്വാസത്തിൽ നിന്നുള്ള വ്യക്തികളെ സഭയിലേക്ക് കൊണ്ടുവരാം. എന്നാൽ മറ്റുള്ളവരോ? സാഹോദര്യം എല്ലാ വിശ്വാസങ്ങളെയും ബഹുമാനിച്ചു കൊണ്ട് ലോകം മുഴുവൻ വ്യാപിക്കേണ്ടതല്ലേ എന്നൊരു സംശയം ഉയർന്നുവരാം. അതിനുള്ള ഉത്തരം വിശുദ്ധ മദർ തെരേസ നമുക്ക് പറഞ്ഞു തരുന്നു, "ഞാൻ സഹാ യിക്കുന്നത് ഹിന്ദുവിനെ കൂടുതൽ നല്ല ഹിന്ദുവായി ജീവിക്കാനും മുസ്ലീമിനെ കൂടുതൽ നല്ല മുസ്ലീമായി ജീവിക്കാനും ക്രിസ്ത്യാനിയെ കൂടുതൽ നല്ല ക്രിസ് ത്യാനിയായി ജീവിക്കാനുമാണ്.'' ഉത്തമമായ ക്രിസ്തീയ വിശ്വാസവും ബോധ്യങ്ങളും യുവജന ങ്ങൾക്ക് ഇവിടെ ആവശ്യമാണ്.

**6. സത്രം കാവൽക്കാരനെ ഏൽപ്പിക്കുക (വി. ലൂക്കാ 10: 35)**

അടുത്തതായി സമരിയാക്കാരൻ മുറിവേറ്റു കിടന്ന മനുഷ്യനെ സത്രം സൂക്ഷിപ്പുകാരനെ ഏൽപ്പി


www.malankaralibrary.com

ക്കുന്നു. ആരെയാണ് തിരുസഭയിൽ സാഹോദര്യത്തിലേക്ക് വരുന്നവരെ നാം ഏല്പിക്കേണ്ടത്? തിരുസഭയുടെ ശിരസ്സായ ക്രിസ്തുവിനെ തന്നെ. നമുക്ക് വേണ്ടി മുറിവേറ്റ ക്രിസ്തുവിലാണ് മുറിവേറ്റവർ അഭയം പ്രാപിക്കേണ്ടത്.[28] സൃഷ്ടാവില്ലാതെ സൃഷ്ടികൾ ശൂന്യതയിലേക്ക് മങ്ങിപോകുന്നു. സൃഷ്ടാവായ ദൈവമാണ് എല്ലവരുടെയും പരിപാലകൻ.[29] അങ്ങനെ ദൈവത്തെ കണ്ടെത്തുന്നവർ യഥാർത്ഥ ആനന്ദം കണ്ടെത്തുന്നു. പിന്നെ ഒരു വേദനയും ദുരന്തങ്ങളും അവരെ ഈ ലോകത്തിൽ ദൈവത്തിൽ നിന്നുമകറ്റില്ല. അതിലൂടെ എല്ലാവരും ദൈവത്തിൽ സഹോദരങ്ങളാണ് എന്ന ബോധ്യത്തിലേക്കവർ എത്തുകയും ചെയ്യുന്നു.

### 7. ഉള്ളതെല്ലാം വിട്ടുകൊടുക്കുക (വി. ലൂക്കാ 10: 35)

സമരിയാക്കാരൻ അവസാനമായി സത്രക്കാരനു രണ്ട് ദനാറ നല്കിയിട്ട് പറയുന്നു, ബാക്കിയുള്ളത് തിരിച്ചുവരുമ്പോൾ തന്നുകൊള്ളാം. ഈ ആത്മീയ പടിയിലേക്കാണ് സാഹോദര്യത്തിന്റെ അപ്പസ്തോലർ എത്തിച്ചേരേണ്ടത്. തങ്ങളുടെ കഴിവുകളും ബുദ്ധിയും ആരോഗ്യവും ദൈവത്തിന് സമർപ്പിക്കുക. അതുകൊണ്ടാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ യുവജനങ്ങളോട് പറയുന്നത്, "യുവജനങ്ങളെ, യുവത്വം സർവ്വതും സമർപ്പിക്കാനുള്ളതാണ്, യുവത്വം മറ്റുള്ളവർക്ക് ദൈവത്തെ കൊടുക്കാനുള്ളതാണ്. യുവത്വം നിങ്ങൾക്കുവേണ്ടി നിങ്ങൾ സൂക്ഷിച്ചുവയ്ക്കരുത്. പൂർണ്ണമായും ദൈവത്തിന് നിങ്ങളെ വിട്ടു കൊടുക്കുക."[30]

### ഉപസംഹാരം

ഓരോ നിമിഷവും ഓരോ ദിവസവും നാം ചിന്തിക്കണം ഈ ലോകത്തിൽ നല്ല സമരിയാക്കാരനെപ്പോലെ ജീവിക്കണോ അതോ വെറും കാഴ്ചക്കാരായി ജീവിക്കണോ?[31] വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ യുവജനങ്ങളോട് പറയുന്നതുപോലെ, "ഓർക്കുക, നിങ്ങൾക്ക് ഈ ലോകത്തെ കൂടുതൽ മനോഹരമാക്കാം". ദൈവം ജെറമിയായോടു പറഞ്ഞു, "നീ തീരെ ചെറുപ്പമാണെന്നു പറയരുത്" (ജെറമിയ 1:7). അപ്പസ്തോലരെപ്പോലെ യാത്രയാവുക. എല്ലാവരെയും ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുക. ക്രിസ്തു നിങ്ങളോടൊപ്പം യാത്ര ചെയ്യുന്നതുപോലെ തിരുസഭയും നിങ്ങളോടൊപ്പം യാത്ര ചെയ്യുന്നു. എന്നെ സംബന്ധിച്ചിടത്തോളം വിശുദ്ധ പൗലോസിനെ പോലെ ഞാനും പറയുന്നു, "എനിക്ക് നിങ്ങളിൽ ഉത്തമ വിശ്വാസമുണ്ട്. നിങ്ങളെക്കുറിച്ച് വലിയ അഭിമാനവുമുണ്ട്. നിങ്ങളെ ഓർത്ത് ഞാൻ അതിയായി സന്തോഷിക്കുകയും ചെയ്യുന്നു. (cf. 2 Cor 7:4)."[32] സാഹോദര്യത്തിന്റെ അപ്പോസ്തോലരായ യുവജനങ്ങൾക്ക് കൂട്ടായി പരിശുദ്ധ അമ്മയുള്ളതുകൊണ്ട് ഈ ലോകത്തെ കൂടുതൽ മനോഹരമാക്കാനും സാഹോദര്യത്തിൽ വേരൂന്നിയ ഒരു സമൂഹത്തെ പണിതുയർത്താനും യുവജനങ്ങൾക്ക് നിസ്സംശയം കഴിയും.

### കുറിപ്പുകൾ

1 Pope Francis, Fratelli Tutti, no32.
2 Pope Francis, Fratelli Tutti no8.
3 Pope Francis, Fratelli Tutti no141.
4 Pope Francis, Fratelli Tutti no92.
5 Pope John Paul II, Homily at Immaculate Conception Cathedral, August 26, 1993.
6 Christus Vivit, no34.
7 Cf. Second Vatican Council, Lumen Gentium, no. 31.
8 Cf. Second Vatican Council, Sacrosanctum Concilium, no14.
9 Pope Paul VI, Evangelii Nuntiandi, no. 41.
10 Avery Dulles, Evangelization, 92.
11 Pope John Paul II, Redemptoris Missio, no. 42.
12 Pope Paul VI, Evangelii Nuntiandi, no. 42.
13 Pope Paul VI, Evangelii Nuntiandi, no. 20.
14 Pope Francis, Fratelli Tutti 224.
15 Pope Francis, Fratelli Tutti 235.
16 Pope Francis, Fratelli Tutti 231.
17 Pope Francis, Fratelli Tutti 154.
18 Pope Francis, Fratelli Tutti 178.
19 Pope Francis, World Youth Day, 2016.
19a Pope Francis, World Youth Day, 2013.
20 Pope Francis, Fratelli Tutti 272.
21 Pope Francis, Fratelli Tutti 274.
22 Pope Francis Fratelli Tutti 276.
23 Pope Francis Fratelli Tutti 281-282.
24 Pope Francis, Christus Vivit,76.
25 Pope Francis, *Evangelii Gaudium,*169.
26 Pope Francis, *Evangelii Gaudium,* 171.
27 Pope Francis to audience, 28th August.
28 Pope Francis to audience, 28th August.
29 Second Vatican Council, Gaudium et Spes,no 36.
30 Pope Francis, 37th National Convocation of the renewal in the Holy Spirit, 2014.
31 Pope Francis, Fratelli Tutti, no69.
32 Pope John Paul II, Homily at Immaculate Conception Cathedral, August 26, 1993.


www.malankaralibrary.com



# Youth: the Apostles of Fraternity

Rev. Dr. Jolly Karimpil



**"T**he joys and the hopes, the griefs and the anxieties of the men and women of this age, especially those who are poor or in any way afflicted, these are the joys and hopes, the griefs and anxieties of the followers of Christ…" (Gaudium et Spes, n.1, Vatican II). These words are especially applicable today in the face of the current global pandemic – Covid-19. As human beings, we all share the same sorrows and griefs but also the same hopes. When we are faced with a fear that threatens to subdue us, we become aware of the fact that in spite of all great achievements of science and modern medicine, we remain vulnerable creatures, dependent on God who is greater than us and who is in control of all the affairs of the World.

A year has passed since the outbreak of this disastrous virus. And this certainly will not be the last, as the world can expect similar or even worse biological virus or other kinds of threat. Therefore, at the very outset, it is important to ask what should be a Christian response in the times of disaster. Turning the pages of Sacred Scripture, we cannot fail to notice the story of the plagues visited upon Pharaoh and Egypt as narrated in the book of Exodus. There is a key difference between Moses and Pharaoh. While Moses recognizes the power of God and heeds to His voice, Pharaoh refuses to recognize any power greater than himself. Pharaoh asks Moses, "Who is the Lord that I should heed him and let Israel go? I do not know the Lord, and I will not let Israel go" (Exo 5:1-2). The ten plagues caused devastation in Egypt, offering an opportunity not only for the Egyptians but also for the Israelites to recognize God's sovereignty over creation and their own lives. God himself reveals the purpose of the plagues and makes it clear that they are not punishment, but rather an invitation to know God: "The Egyptians shall know that I am the Lord, when I stretch out my hand against Egypt and bring the Israelites out from among them" (Exo. 9:15-16). As Christian youth, we are not called to rush to judgment thinking that the pandemic is a punishment to humanity from God. But rather,


www.malankaralibrary.com

like Moses, we should recognize God's sovereignty and entrust ourselves in His loving hands with total trust.

Every time a catastrophe such as this erupts, we see many voices headed against the Church and the religion mocking: where is your omnipotent God? Why is God not seeing the plight of His creations? How should we respond to the cries of some rationalists? It is not the problem but our response or reaction to it that determines how deep and strong our faith really is and who we really are. Even though the problem is same for all, the Church's response cannot be the same in the face of any calamity. The Church's response should be through the witness of our actions. It is in this context that we have chosen the theme "Youth: Apostles of Fraternity."

Undertaking of this theme is prompted by Pope Francis' latest encyclical *Fratelli tutti,* on Fraternity and Social Friendship. As the Christian youth, you are called to work faithfully to make the Pope's vision – Fratelli tutti – a reality for all. First, let us focus on the key points of *Fratelli tutti* and then we shall discuss the concrete steps towards becoming the apostles of fraternity.



## I. The Basis of Fraternity

It is beyond doubt that Pope Francis yearns deeply for fraternity in the world overcoming the differences and the divides that are on rise in today's world. In the first chapter of *Fratelli tutti*, the pope notes that the modern globalized society connects the people of the world. It makes us more like neighbours, but it does not make us brothers and sisters. We know many things about each other, but we do not really care for one another. In this way, we have become more alone than ever (FT 12).The corona virus pandemic has brought to light the grim realities of today's world. Rapidly growing inequality, poverty and injustice are signs of the absence of a culture of solidarity. New ideologies,characterized by individualism, self-centeredness and materialistic consumerism have paved the way for a "throw away" culture that denies the dignity of those who are vulnerable, the marginalized and the poor. In such an unhealthy culture, the unborn babies are treated as 'not yet useful' and the elderly as 'no longer needed.' The weakest and those considered "useless" are abandoned. This became clear during the Covid-19 crisis as so many elderly people were cruelly abandoned.

The throw-away culture prevails in today's world, where so many are losing their jobs and thousands of young people are forced to work for a meagre salary or no salary. The throw-away mindset is behind the vicious attitudes of racism, fascism and fanaticism which have resurfaced in recent times in our country. The disparities between the rich and the poor is widening. Growing number of unemployment and civil wars in one's own land is forcing many people to leave one's land and migrating to other countries in hope of a better life and a peaceful future.

Many forms of injustice persist in today's world, where people often forget that others, who belong to different caste, creed and culture and those who are ideologically different from them are nevertheless created in God's image and should be treated with dignity and respect. In Pope Francis' estimation, today's world is marked by a certain 'globalization of indifference' which makes us slowly indifferent to the suffering of others and closed in on ourselves. People often forget that they are brothers and sisters.

In the face of these dark clouds that cast over the world, Pope Francis affirms that a



fraternity devoid of reference to a common Father as its ultimate foundation is unable to endure. True brotherhood among people demands the recognition of a transcendent Fatherhood. Based on fatherhood, human fraternity is founded: each person becomes a "neighbour" who cares for others. In order to stress this idea, the pope draws our attention to the parable of the Good Samaritan. The pope notes that we can never remain indifferent to the plight and suffering of others. The robbers represent those people who are not shy of exploiting others and destroying their lives for their own selfish interests of power, wealth etc. The priest and the Levite see the wounded man but ignore him and remain indifferent to him. They are two religious figures, yet they fail to translate worship into service of neighbour. They are concerned only about themselves, forgetting that to ignore the people who suffer because of hunger, violence and injustice is to ignore God. His Holiness remarks that "belief in God and the worship of God are not enough to ensure that we are actually living in a way pleasing to God" (*FT* n. 74). Love of neighbour is inseparable from love of God.

In the parable, the Samaritan came near the wounded stranger and when he saw him, he was moved with pity. The Samaritan went to him and tended to his wounds, and put him up in an inn and saw to his care. For the Jews, one's neighbour is not any human being, but rather only someone who belongs to one's own people. Jesus completely transforms this mindset and asks us to become neighbours to all who are in need of our help. The Samaritan, who according to the language of the Old Testament, was not a neighbour of the Jews, became a neighbour to the injured Judean. Jesus asks us to "go and do likewise" (LK 10:37). Jesus challenges us to put aside all differences and be present to those in need of help. Jesus presents an image of fraternity that crosses all barriers of culture, race, religion and social group. No one is beyond the scope of God's infinite love. Exploring the deeper meaning of the words of Jesus, the Pope exhorts us to recognize Christ himself in every wounded, abandoned, excluded or marginalized brothers and sisters (cf. Mt. 25:40-45). Worshipping God means serving our brethren with generous love, and in serving them we serve God Himself.

In the present scenario, the Catholic youth have a calling – to be the apostles of fraternity. Youth are called to aspire to build a world of fraternal love where all the people enjoy dignity, freedom and care. True and enduring peace must reign and the walls of divisions must fall apart. Fraternity is the foundation and pathway to peace. In order to see others as brothers and sisters, we have to first acknowledge the common fatherhood of God. According to the Bible, all human beings descended from common parents, Adam and Eve, who were created in God's own image and likeness (cf. Gen 1:26). Cain and Abel were totally different from each other, but they were brothers and called to live as the children of God and in fraternal love with each other respecting each other's diversity. However, Cain refused to live the bond of fraternity and out of selfishness and pride killed his own younger brother whom he was supposed to protect. This selfishness and individualism are at the heart of every single war and all acts of injustice that we see in the world.

The Son of God became man and revealed that God is our loving Father and He is the Only-begotten Son of the Father and that God wants to give us the Holy Spirit in order to adopt us His children. Jesus taught us that the basis of fraternity is found in God's Fatherhood (cf. Mt. 23:8-9). He invited all


www.malankaralibrary.com

regardless of their beliefs, ethnicities, cultures or race to accept God as Abba and become his loving children. He himself showed us what it means to be the son of God. It means total love, trust and obedience. Jesus through his life, and his death on the Cross, united humanity to God. Jesus' death on the Cross and the resurrection put an end to all sorts of division between the chosen people – Israel – and the Gentiles, who lived in darkness until then. St. Paul in his letter to Ephesians describes this aptly: "For he is our peace; in his flesh he has made both groups into one and has broken down the dividing wall, that is, the hostility between us" (Eph. 2: 14). One new humanity has been created through Jesus' resurrection. Therefore, all the human beings are called to regard themselves in him as brothers and sisters, for we are children of the same Father. Acceptance of this truth becomes the profound means of transforming our lives and opening us to true fraternal love and sharing.

As Christians we are aware that we are children of the one God, Almighty Father, and that we are brothers and sisters of Jesus Christ, the firstborn Son (cf. Rom. 8:29). When we accept the common Fatherhood of God and the Brotherhood of all in Christ, we can no longer see others as strangers or as our competitors but rather as brothers and sisters. Hence, no one is 'useless' or 'disposable.' All men and women enjoy an equal dignity as the children of one God. We can never remain indifferent towards anyone.

## II. Growing in Fraternity

### a. Family: the first school of fraternity

It is in the family that we learn to live as the children of God and we learn the first lessons of fraternal love, joy and sharing. We learn to socialize first in the family. In our own day, dominated by rapid technological advances, people are losing their capacity to relate to others, to develop friendships and fraternal bond. Virtual relationship is replacing real face-to-face relationship. People are becoming confined to their tiny worlds. Pope



Francis reminds us in *the apostolic exhortat Amoris Laetitia,* "[t]he family is the primary setting for socialization, since it is where we first learn to relate to others, to listen and share, to be patient and show respect, to help one another and live as one" (*AL* 276). Virtual and ephemeral relationships cannot substitute the real ones that one primarily experiences in the family. Many societies have been impoverished today because of the lack of genuine relationships, which can be traced back to the lack of profound relationships in families. Pope Francis in one of his messages suggests: "This kind of poverty can be overcome only through the rediscovery and valuing of fraternal relationships in the heart of families and communities, through the sharing of joys and sorrows, of the hardships and triumphs that are a part of human life."

### b. Church: at the service of Fraternity

The Church is not merely an assembly of believers who live in the same neighbour hood, have a common ethnic identity; rather it is a community where the members of Christ's mystical body live in unity amidst the diversity of persons and cultures. The community is gathered around the Holy Eucharist, where there is no room for inequality or injustice. All the members, rich or poor, strong or weak form one single family drinking from the same chalice and eating from the same paten. The weaker members, the most vulnerable, the sinners, the sick etc. are to be looked upon with compassio nate gaze of the Lord and strengthened by the other members of the Church. Pope Francis says that Church is like a field hospital. A field hospital is set on the field of battle, it is like a


www.malankaralibrary.com

hospital going to tend the wounded. The Church must go out of herself to the peripheries, to serve the needy without waiting for others to seek help. The sinners are not to be cast aside or discarded but they should be accompanied and attended to with the 'balm of mercy' and to be incorporated gradually. According to Pope Paul VI, "The Good Samaritan is the Church!" The Church can never ignore the wounded man on the street.

### c. Sent for Mission as the apostles of fraternity

Just as the Father sent His Son into the world to save humankind, Jesus sent his disciples (Jn. 20:21), asking them to 'proclaim the Good news to the whole creation" (Mk. 16:15). To be a Christian means to be rooted in Christ (Jn 15:4) and "to be sent out" by him in order to carry out his very same mission (Mk 3:14). For a Christian, Jesus is his departure point, as well as the centre of his life. Christ's disciples are called to follow his ways, his words and his deeds. The Christians are called to make God's love present through their radical following and living witness. The followers of Jesus are to shine before others "that they may see your good works and give glory to your Father in heaven." (Mt 5:16).It is imperative that the followers of Christ provide profound witness through their lives so that all those coming in contact with them experience both the 'human face of God' and the human response to God's love.

## III. The Value of Fraternity in a post-pandemic era

Whether we accept it or not, after the Covid-19 pandemic the world will never be the same again. Even if thevirusis eliminated, new outbreaks of other diseases will certainly occur in the future. Therefore, we are living in a new era: post-pandemic. All the human beings are interconnected and interdepe ndent. What happens in one part of the globe is felt in the other part. This pandemic has reminded us yet again, this time quite forcibly, that we all share common humanity. All the people of the world are brothers and sisters and we are all one family under God. Our world today needs an integral and long-lasting solution that benefits all. We must, therefore, more than ever before, rediscover the value of fraternity.

### a. Apostles of Fraternity in a digital age

In this digital age, with the onset of internet, social media and the smartphone, most of the youth have been socially distancing themselves and remaining content with the virtual relationships. Digital media can lead people to the gradual loss of contact with concrete reality and can limit people to superficial relationships. However, the lockdowns and quarantine periods have taught us how important face-to-face relationship is. As humans, we are so designed that we cannot find fulfilment without authentic relationships with others. Therefore, we are called to cherish the value of fraternity in this ultra-modern world.

One of the most important things we need to realize is that to be a Christian means to be at the service of others. Christian youth can never be indifferent to the suffering of others in the society. We need to possess the heart of the Good Samaritan that sees and acts and becomes a neighbour to a stranger who is in extreme need. Growing in fraternity means acknowledging others as the children of one God who is the Father of all. We have to journey together towards a new world, whereno one is excluded and the rights and the inviolable dignity of human persons, every race, culture and group is appreciated.Such a fraternal world is indeed possible provided we are ready to renounce our egoistic attitudes and self-interests and build a culture of openness, collaboration and dialogue.

The Church's commitment to social justice needs committed Christian young peoplewho are ready to become the voice of the voiceless. The realization that we need one another should prompt our youth to take


www.malankaralibrary.com

initiative in building up community of belonging and fraternity where the people of different faiths and cultures collaborate in working towards peace, justice, development and betterment of each member of the society. But at the same time, we should remember that there is a key difference between the secular response and the Christian response. A Christian youth can never turn to using violent means, hate speeches, slander etc. in any platform including the digital one. We have every right to defend our faith but we have to take utmost care in not falling to aggressive self-defense.

### b. Care for Creation

Pope Francis is of the view that the global pandemic is 'a wake-up call' to care for creation. Human beings' rampant greed, brutal consumption and habits of energy usage are leading to disintegration of bio-diversity, climate disasters, scarcity of water, pollution etc. It is high time that all humans, societies and nations examine their life-styles and make decisive changes. His Holiness reminds that man is not the master of creation, but rather its steward who is called to guard and protect it. The pope in his encyclical *Laudatosi,* invites us to enter into the gaze of Jesus, who looked at the beautiful creation with wonder and fondness. Francis of Assisi was particularly concerned for God's creation. He looked at the creation through the gaze of Jesus and felt a fraternal bond with God's creation. He would call creatures 'brother' or 'sister.' Christian youth are called to imitate Francis' openness to awe and wonder towards God's creation and to speak the language of fraternity. The world was created to communicate the glory of God and to lead us to discover in its beauty the Lord Himself. Therefore, the young people should take seriously their calling to care for God's creation.

### Conclusion

The current pandemic is unsettling for all, Christians and non-Christians alike. Where is God in all this;why does he allow these



pandemics and other sufferings in the world? We cannot have conclusive answers to all the questions. As Christians, however, we are called to show our certitude that God who is Good would never cause evil. But if He allows evil, He has a greater purpose to accomplish. God can draw greater good out of any evil. If the greatest evil was the crucifixion of God's only Son, God brought forth greatest good out of it, that is, the glorious resurrection of Christ and our salvation. There is no evil that God cannot overcome. God's love is stronger than the greatest imaginable evil. Therefore, we are called to trust in God unceasingly. We should learn to see the suffering in the light of faith. We can see the moment of suffering as a call to mend our ways and turn to the Lord and to unite with him. God will never abandon us. Hope in God's promises will make us strong.

Furthermore, the times of trial and suffering help us to understand the insufficiencies of the world and the securities it promises. This helps us to turn our gaze from the things of the world to heaven, our true destiny. We are created not to perish here in the world, but we are created for heaven. It calls for growing in dependence on God.

Finally, we are called to turn our attention to other human persons regardless of whether or not they belong to our faith, culture or social group accepting them as our brothers and sisters; and to creation, which are called to care for. As, Pope Francis has been consistently teaching: "human fraternity and care of creation form the only path to integral development and peace."


www.malankaralibrary.com

## Honoring our Exemplary



**Sharon C B**
1st Rank, MSc. Geology
Kerala University
Diocese of Parassala



**Sneha Yohannan**
1st Rank, BBA
M G University
Diocese of Pathanamthitta



**Navya Margret**
1st Rank, BA
Mangalore University
Diocese of Puttur



**Jobin David**
2nd Rank, M.Ed
Kerala University
Major Archdiocese of Thiruvananthapuram



**Sukanya**
2nd Rank, MA Malayalam
Kerala University
Diocese of Parassala



**Kevin Daniel**
2nd Rank, Metallurgical
& Materials Engineering, IIT Madras
Diocese of Pune - Khadki



**Soosanna Jaxon**
3rd Position, M.PLAN
Govt. Engineering College, Thrissur
Diocese of Muvattupuzha



**Nithya Abraham**
3rd Rank, B.A. Political Science
M G University
Archdiocese of Thiruvalla



**Melvin Varghese Chacko**
Ne8x Literature Fest winner
Shri. Ramaswamy Award for Proficiency in
Art and Literature, Mumbai University
Diocese of Pune - Khadki

www.malankaralibrary.com



**Mrudula Maria Babu**
1st Place, 200mtr Race
Kerala University
Archdiocese of Thiruvalla



**Marteena Mathew**
1st Place, 100mtr Race
National Sports and Games 2019
Diocese of Mavelikara



**Nandu S S**
Participated in the All India
Inter University Wrestling
Diocese of Parassala



**Ancy K G**
Participated in 35th Senior National
Netball Championship, March 2018
Diocese of Mavelikara



**Reshma P Y**
3rd Place, 20 KM Walk race
Inter Collegiate Athletics
Mangalore University
Diocese of Puttur



**Jason Sheby Thekkanal**
2nd Position in International Level
Ist Asian Open Karate Championship, 2019
Diocese of Pune - Khadki



**Austin Reji**
Participated in All India Inter University
Karate Tournament, January,2020.
Diocese of Pune - Khadki



**Nandha Kumar**
1st place in tanding 50 -55 kg
weight category in 1st Kerala State
Pencak silat championship
Major Archdiocese of
Thiruvananthapuram



**Anjumol Varghese**
Participated in Cross Country Race
All India Inter University Athletics
Major Archdiocese of
Thiruvananthapuram

**Jobin Joy**
7th for All India Football
Championship
representing Maharashtra
Diocese of Pune - Khadki





**Ahanya S Raj**
IInd, Writing Chalk Making
Sastharolsavam 2019-2020
Diocese of Parassala

www.malankaralibrary.com

# എം.സി.വൈ.എം. സഭാതല സമിതി 2020 - 21 റിപ്പോർട്ട്

**ആമുഖം:**

ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്ക് വേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു : "ഇതാ ഞാൻ എന്നെ അയച്ചാലും". ദൈവത്തിൽ നിന്ന് അകന്നുപോയ ഇസ്രായേൽ ജനത്തെ തിരികെ കൊണ്ടുവരുവാൻ കാത്തിരിക്കുന്ന ദൈവത്തിനു മുമ്പിൽ ഏശയ്യാ പ്രവാചകൻ പറഞ്ഞ വാക്കുകൾ. ഏശയ്യായെ പോലെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശക്തിയും ജീവനുമായി നിലനിന്നു കൊണ്ട് കത്തോലിക്കാസഭയിൽ വെളിച്ചം വീശുവാൻ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം.) കടപ്പെട്ടിരിക്കുന്നു.

യുവജനങ്ങൾ എന്നത് പ്രചോദനത്തിന്റെയും തീക്ഷ്ണമായ പ്രവർത്തനങ്ങളുടെയും നന്മയുടെയും സഹായത്തിന്റെയും പര്യായമായി നിലകൊള്ളേണ്ടതുമായ ഒരു ജനവിഭാഗമാണ്. നാളേക്ക് നാം എന്ത് നൽകണമെന്ന് തീരുമാനിക്കേണ്ടതും പ്രവർത്തനങ്ങൾ എന്ന വിത്ത് വിതച്ച് സമ്പുഷ്ടമായ നല്ലൊരു നാളെയെ വാർത്തെടുക്കേണ്ടതുമായ ഒരു പറ്റം വ്യക്തികളാണ് യുവജനങ്ങൾ.

യുവജനങ്ങൾ എന്താകണം? എങ്ങനെയാകണം? ഇവയെല്ലാം തന്റെ ജീവിതത്തിലൂടെ നമ്മോട് വിളിച്ചോതിയ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയാകട്ടെ നമ്മുടെ മാതൃക. ക്രിസ്തുവിന്റെ സാമീപ്യം ലോകത്തിനേകിയ രണ്ടാം ക്രിസ്തുവായ വിശുദ്ധ ഫ്രാൻസിസ് അസ്സീസി ആദ്ധ്യാത്മിക വിപ്ലവങ്ങളിലൂടെ മനുഷ്യമനസ്സിൽ സ്നേഹത്തിന്റെ തണലേകി. എല്ലാത്തിലുമുപരി ദൈവത്തെ സ്നേഹിക്കുവാനും സ്വയം ത്യജിച്ച് മറ്റുള്ളവരെ സ്നേഹിക്കുവാനുമുള്ള ശക്തിയും നമ്മിലേക്ക് പകരുന്നു.

യുവത്വത്തിൽ ആയിരിക്കുന്നത് ഒരു വിളിയാണ്. ഈ വിളിയുടെ ലക്ഷ്യം സകലത്തിനെയും ക്രിസ്തുവിൽ ഐക്യപ്പെടുത്തലാണ്. അതിനുവേണ്ടിയാണ് ഊർജ്ജസ്വലരായ യുവജനങ്ങളെ കർത്താവ് വിളിക്കുന്നത്. ഈ യുവത്വം, സമകാലീന ലോകത്തിലെ ധീരരായ പ്രേഷിതരായിത്തീരുവാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനമായ എം.സി.വൈ.എം.ന് കഴിയട്ടെ എന്ന ആശംസയോടെ എം.സി.വൈ.എം. സഭാതല വാർഷിക റിപ്പോർട്ട് ബഹുമാനപ്പെട്ട സെനറ്റ് മുമ്പാകെ അവതരിപ്പിക്കുന്നു.

**1. ഗ്ലോബൽ മീറ്റ്**

എം.സി.വൈ.എം. സഭാതല സമിതിയുടെ വാർഷിക സെനറ്റ് സമ്മേളനം-ഗ്ലോബൽ മീറ്റ്, 2020 ജനുവരി 25, 26 തീയതികളിലായി മാർത്താണ്ഡം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ മാർ എഫ്രേം കോളേജിൽ വച്ച് നടത്തപ്പെട്ടു. എം.സി.വൈ.എം. സഭാതല പ്രസിഡന്റ് ശ്രീ. ടിനു കുര്യാക്കോസിന്റെ അധ്യക്ഷതയിൽ കൂടിയ വാർഷിക സെനറ്റ് സമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം മാർത്താണ്ഡം രൂപതാധ്യക്ഷനും മലങ്കര സുറിയാനി കത്തോലിക്കാ സഭാ യുവജന കമ്മീഷൻ ചെയർമാനുമായ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് നിർവഹിച്ചു.

ഭദ്രാസനങ്ങളിലെ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ചതിനു ശേഷം, സഭാതല സമിതിയുടെ റിപ്പോർട്ട് അവതരണവും കണക്ക് അവതരണവും നടത്തപ്പെട്ടു. തുടർന്ന് 2020-21 വർഷത്തെ ഭരണ സമിതിയുടെ തെരഞ്ഞെടുപ്പ് നടത്തുകയുണ്ടായി.

പ്രസിഡന്റ് : ജിത്ത് ജോൺ ഫ്രാൻസിസ് (തിരുവനന്തപുരം മേജർ അതിഭദ്രാസനം), ജനറൽ സെക്രട്ടറി : ജിനു ജോർജ്ജ് (തിരുവല്ല അതിഭദ്രാസനം),

ട്രഷറർ : ശരത് ലാൽ (പാറശ്ശാല ഭദ്രാസനം), വൈസ് പ്രസിഡന്റുമാർ: ഷിജിൻ പുത്തൻപുരക്കൽ (ഗുഡ്ഗാവ് ഭദ്രാസനം), എബിൻ തോമസ് (ബത്തേരി ഭദ്രാസനം), മെറിൻ മാമ്മച്ചൻ (മാവേലിക്കര ഭദ്രാസനം)

സെക്രട്ടറിമാർ : ബിച്ചു കുര്യൻ (മൂവാറ്റുപുഴ ഭദ്രാസനം), സാഞ്ജോ സുനിൽ (പുത്തൂർ ഭദ്രാസനം), എസ്. അനീഷാ (മാർത്താണ്ഡം ഭദ്രാസനം),

സഭാതല സിൻഡിക്കേറ്റ് : ലിബിൻ സാമുവൽ (പൂനെ ഭദ്രാസനം), സ്വേത മാത്യു (പത്തനംതിട്ട ഭദ്രാസനം)

തമിഴ്നാട്ടിലെ വൈവിധ്യങ്ങൾ അനുസരിച്ച് മാർത്താണ്ഡം ഭദ്രാസന സമിതി വാർഷിക സെനറ്റ് സമ്മേളനത്തിന് വേണ്ട എല്ലാ ക്രമീകരണങ്ങളും ഭംഗിയായി ചെയ്തു. ഗ്ലോബൽ മീറ്റിന് ആതിഥേയത്വം വഹിച്ച മാർത്താണ്ഡം ഭദ്രാസനത്തിലെ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിനെയും ഡയറക്ടർ ബഹുമാനപ്പെട്ട സജീവ് അച്ചനെയും പ്രസിഡന്റിനെയും ആനിമേറ്ററിനെയും ഭദ്രാസന ഭാരവാഹികളെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുകയും മൂന്നു വർഷക്കാലം ചടുലമായ പ്രവർത്തനങ്ങൾകൊണ്ട് യുവജന ശുശ്രൂഷയെ നയിച്ച ടിനു കുര്യാക്കോസിനും സഹഭാരവാഹികൾക്കും സ്നേഹവും കൃതജ്ഞതയും അറിയിക്കുകയും ചെയ്യുന്നു.

**2. സത്യപ്രതിജ്ഞ**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനം എം.സി.വൈ.എം. സഭാതല സമിതിയുടെ 2020-2021 വർഷത്തെ ഭരണസമിതി അംഗങ്ങളുടെ സത്യപ്രതിജ്ഞ 2020 ഫെബ്രുവരി 20-ാം തീയതി, മേജർ ആർച്ച് ബിഷപ്പ് ഹൗസ്, തിരുസന്നി


www.malankaralibrary.com

ധിയിൽ വച്ച് നടത്തപ്പെട്ടു.

യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെയും എം.സി.വൈ.എം. സഭാതല ഡയറക്ടർ സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ അച്ചന്റെയും സാന്നിധ്യത്തിൽ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവയുടെ മുമ്പാകെ ഭരണസമിതി അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.



### 3. കരുണയുടെ ജപമാല

കോവിഡ് -19 എന്ന മഹാമാരി ലോകത്തെ ഭീതിയിലാഴ്ത്തിയപ്പോൾ അതിനെതിരെ 'പ്രാർത്ഥന കൊണ്ട് കവചം തീർക്കുക' എന്ന അത്യഭിവന്ദ്യ ബാവാ തിരുമനസ്സിന്റെ വാക്കുകൾ ഹൃദയത്തിലേറ്റിക്കൊണ്ട് 2020 മാർച്ച് 18-ാം തീയതി സഭയിലെ യുവജനങ്ങൾ ഒന്നായി ദൈവകരുണയ്ക്കായി ഉപവസിക്കുകയും ലോകം മുഴുവന്റെയും മേൽ ദൈവകരുണ സമൃദ്ധമായി വർഷിക്കുന്നതിനായി ഒരു ലക്ഷം കരുണയുടെ ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

## 4. Break the Chain

കോവിഡ്-19 വ്യാപനത്തെ തടയുന്നതിനായി കേരള സർക്കാർ നിർദ്ദേശിച്ച 'ബ്രേക്ക് ദ ചെയിൻ' ക്യാമ്പയിന്റെ ഭാഗമായി ചേർന്നുനിന്നുകൊണ്ട് മഹാമാരിക്കെതിരെ പൊരുതുവാൻ എം.സി.വൈ. എം. ആഹ്വാനം ചെയ്തു.

സഭയിലെ എല്ലാ രൂപതകളിലെയും യൂണിറ്റ് തലങ്ങളിൽ 'ബ്രേക്ക് ദ ചെയിൻ' ക്യാമ്പയിന്റെ ഭാഗമായി കൈ കഴുകുവാനുള്ള സൗകര്യവും സാനിറ്റൈസറുകളുടെയും മാസ്കുകളുടെയും നിർമ്മാണവും വിതരണവും നടത്തപ്പെട്ടു. ഈ ഉദ്യമത്തിൽ പങ്കാളികളായ എല്ലാ യുവജനങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

### 5. കഷ്ടാനുഭവ ശുശ്രൂഷ തൽസമയ സംപ്രേഷണം

ക്രൈസ്തവ വിശ്വാസികളുടെ മനസ്സിൽ ദുഃഖത്തിന്റെ മാരിപെയ്ത ദിനങ്ങളായിരുന്നല്ലോ ഈ വർഷത്തെ കഷ്ടാനുഭവ ആഴ്ചയിലേത്. ഓശാന മുതൽ ഉയിർപ്പ് തിരുനാൾ വരെയുള്ള ഹാശാ ആഴ്ചയുടെ ശുശ്രൂഷകളിൽ സംബന്ധിക്കുവാനുള്ള അവസരം ക്രൈസ്തവ ജനതയ്ക്ക് കൊറോണ എന്ന മഹാമാരി കാരണത്താൽ നഷ്ടമായപ്പോൾ ശുശ്രൂഷകളെല്ലാം തൽസമയം ജനലക്ഷങ്ങളിലേക്ക് എത്തിക്കുവാൻ എം.സി.വൈ.എം.ന് സാധിച്ചു.

താഴ്മയുടെ പ്രതീകമായ കഴുതയുടെ പുറത്ത് എഴുന്നള്ളിയവന് ജെറുസലേം നഗരവീഥി ഓശാന എന്ന് ആർത്ത് വിളിച്ചപ്പോൾ, കുരുത്തോലയും പൂക്കളും ഇല്ലാത്ത ജനതയ്ക്ക് കർഫ്യൂ കാലമായിരുന്നു ഈ വർഷത്തെ ഓശാന തിരുനാൾ. വിശ്വാസികൾക്കായി നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ ഓശാന തിരുനാൾ കുർബാനയും വചന സന്ദേശവും നൽകി.

സംഹാരദൂതൻ കടന്നുപോയ മിസ്രേമിൽ നിന്നും ഉയർന്ന നിലവിളിയുടെയും മരണത്തിന്റെയും ശബ്ദമായിരുന്നു ഈ പെസഹാ കാലത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കേട്ടത്. യേശുവിനെ ക്രൂശിക്കുക ക്രൂശിക്കുക എന്ന് ജനം ആർത്തു വിളിച്ച് രണ്ട് കള്ളന്മാരുടെ മധ്യത്തിൽ ക്രൂശിച്ചതും കൈയ്പ് കുടിപ്പിച്ചതുമായ പീഡാനുഭവത്തിന്റെ അനുസ്മരണ ദിനമായ ദുഃഖവെള്ളിയാഴ്ചയുടെയും പെരുന്നാളുകളുടെ പെരുന്നാൾ എന്ന് വിശേഷിപ്പിക്കുന്ന മനുഷ്യരാശിയുടെ പ്രത്യാശയുടെ തിരുനാളായ ഈസ്റ്റർ ദിനത്തിന്റെയുമെല്ലാം ശുശ്രൂഷകൾ ബഥേൽ ഡാനിയേൽ അച്ചന്റെ (പത്തനംതിട്ട ഭദ്രാസനം) കാർമികത്വത്തിലൂടെ എം.സി.വൈ.എം. ഫേസ്ബുക്ക് പേജിൽ തൽസമയം സംപ്രേഷണം ചെയ്തു.

### 6. ടാസ്ക് ഫോഴ്സ് രൂപീകരണം

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ലോക്ക്ഡൗൺ കാലയളവിൽ നാം വീടുകളിൽ ആയിരുന്നപ്പോൾ നാടിന്റെ ദുരന്തമുഖത്ത് സഹായങ്ങൾ ചെയ്യുവാൻ കേരള സർക്കാർ ആവിഷ്കരിച്ച സന്നദ്ധസേനയുടെ അംഗങ്ങളാകുകയും, ക്രൂശിതനായ ക്രിസ്തുവിനോട് ചേർന്നുനിന്നുകൊണ്ട് യുവജനങ്ങൾ സാമൂഹികക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്തു.

### 7. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ശ്ലൈഹിക ദണ്ഡവിമോചന ആശീർവാദം

ആഗോള കത്തോലിക്കാ സഭയുടെ ആത്മീയ പിതാവ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ മുഖ്യകാർമികത്വത്തിൽ വത്തിക്കാൻ സ്ക്വയറിൽ വച്ച് നടത്തപ്പെട്ട ശ്ലൈഹിക ദണ്ഡവിമോചന ആശീർവാദം എം.സി.വൈ.എം. പേജിലൂടെ 2020 മാർച്ച് 27-ാം തീയതി സംപ്രേഷണം ചെയ്തു.

### 8. യൂത്ത് ഗ്യാലറി

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് പൊടുന്നനെ ഉണ്ടായ ലോക്ക്ഡൗണിന്റെ വിരസത


www.malankaralibrary.com

അകറ്റുവാനും യുവജനങ്ങളുടെ സർഗ്ഗാത്മകമായ കഴിവുകളും ക്രിയാത്മക ചിന്തകളും ഭാവനകളും പ്രദർശിപ്പിക്കുവാനും 'Youth Gallery - A Space to showcase your Talents' എന്ന പേരിൽ യുവജനങ്ങൾക്കായി ഒരു വേദിയൊരുക്കി.

ഈ വേദിയിലൂടെ ദൈവം, മനുഷ്യൻ, പ്രകൃതി എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ആലാപനം, നൃത്തം തുടങ്ങിയവയുടെ വീഡിയോകളും കരകൗശല നിർമ്മാണത്തിന്റെ ഫോട്ടോകളും പെയിന്റിംഗുകളും കുറിപ്പുകളും വ്യത്യസ്തമായ മറ്റ് കലാസൃഷ്ടികളും പ്രദർശിപ്പിക്കുവാൻ യുവജന പ്രസ്ഥാനത്തിന് സാധിച്ചു. എം.സി.വൈ. എം. ഫേസ്ബുക്ക് പേജ് വഴി അവ അനേകായിരങ്ങളിലേക്ക് എത്തിക്കുവാൻ സാധിച്ചു എന്നത് അഭിമാനപൂർവ്വം ഓർക്കുന്നു.

### 9. യൂത്ത് സർവ്വേ

12 ഭദ്രാസനങ്ങളായി തിരിഞ്ഞു കിടക്കുന്ന മലങ്കര കത്തോലിക്കാ സഭയുടെ യുവജനങ്ങളെ ഒരുമിച്ച് ചേർത്ത് അവരുടെ വിവരങ്ങൾ സ്വീകരിക്കുവാനുള്ള കർമ്മപദ്ധതിയായിരുന്നു 'യൂത്ത് സർവ്വേ'. ഇതിലൂടെ 12 ഭദ്രാസനങ്ങളിലെയും ഭൂരിഭാഗം യുവജനങ്ങളുടെ സമ്പൂർണ്ണ വിവരങ്ങൾ അടങ്ങുന്ന ഡാറ്റാ ബാങ്ക് ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും പൂർത്തീകരിക്കാൻ സാധിച്ചു. സഹകരിച്ച എല്ലാ യുവജനങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

### 10. മിനി ഫാംസ്

പ്രകൃതിയും മനുഷ്യനും രണ്ടല്ല ഒന്നാണ് എന്ന ആശയത്തെ മുൻനിർത്തി 2020 ഏപ്രിൽ 17-ാം തീയതി 'മിനി ഫാംസ്' എന്ന പദ്ധതി ആവിഷ്കരിച്ചു. വിഷരഹിത പച്ചക്കറികൾ സ്വയം ഉത്പാദിപ്പിക്കുവാനും നല്ല കൃഷിയുടെ വക്താക്കളാകുവാനും സഹജീവികളോട് സ്നേഹവും പരിപാലനയും പ്രോത്സാഹിപ്പിക്കുന്നതിനുമായി എം.സി.വൈ.എം. യുവജനങ്ങൾക്കായി വീണ്ടുമൊരു വേദിയൊരുക്കി.

പച്ചക്കറിതോട്ടം, വ്യത്യസ്ത ഇനം വളർത്തു പക്ഷി-മൃഗാദികൾ, അലങ്കാര മത്സ്യങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള വീഡിയോകളും ഫോട്ടോകളും പങ്കുവയ്ക്കുന്നതിന് എം.സി.വൈ.എം. ഫേസ്ബുക്ക് പേജിൽ ഒരു അവസരമൊരുക്കി. യുവജനങ്ങൾ പ്രകൃതിയുമായി ഇണങ്ങി ജീവിച്ച് മറ്റുള്ളവർക്ക് മാതൃകയാകുവാൻ 'മിനി ഫാംസ്' എന്ന പദ്ധതി സഹായകമായി.

### 11. എം.സി.വൈ.എം വെബ്സൈറ്റ് ഉദ്ഘാടനം

എം.സി.വൈ.എം.ന്റെ പ്രവർത്തനങ്ങൾ ലോകമെമ്പാടും എത്തിക്കുവാനും അവയിൽ എല്ലാവരെയും പങ്കാളികളാക്കുവാനും വേണ്ടി, പുതിയ സവിശേഷതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എം.സി.വൈ.എം.ന്റെ വെബ്സൈറ്റ് : www.mcym.in, 2020 മെയ് 10-ാം തീയതി അത്യഭിവന്ദ്യ ബാവാ തിരുമനസ്സിന്റെ അനുമതിയോടെ യുവജന കമ്മീഷൻ ചെയർ മാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് ഉദ്ഘാടനം ചെയ്തു.

### 12. The Challenges and opportunities in post covid world for the youth – വെബ്ബിനാർ

കോവിഡ് -19 എന്ന മഹാമാരി മനുഷ്യനെ പലതും പഠിപ്പിച്ചു. വീടുകളിൽ ഒതുങ്ങി കൂടുവാനും പ്രകൃതിയെ തിരിച്ചറിയുവാനും മണ്ണിനെ സ്നേഹിക്കുവാനും പഠിച്ചു. ഈ പഠനങ്ങളുടെ പുതിയതലങ്ങളെ യുവജനങ്ങൾക്കായി എത്തിക്കുവാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ എം.സി.വൈ.എം. ഭദ്രാസന പ്രതിനിധികൾക്കായി ഓൺലൈൻ വെബ്ബിനാർ നടത്തി. "The Challenges and opportunities in post covid world for the youth" എന്ന വിഷയത്തെ ആസ്പദമാക്കി മുൻ ഡി.ജി.പി. ഡോ. ജേക്കബ് പുന്നൂസ് IPS ക്ലാസ്സ് എടുത്തു. മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ പിതാവും അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവും ഈ വെബ്ബിനാറിൽ പങ്കെടുത്തു. ഓരോ രൂപതയിൽ നിന്നും 6 പേർ അടങ്ങുന്ന സംഘവും കൂടാതെ രൂപതയിലെ സഭാതല സിൻഡിക്കേറ്റ് അംഗങ്ങളും ഈ വെബ്ബിനാറിൽ പങ്കെടുത്തു.

### 13. Green Month Drive

യുവതലമുറയെ പ്രകൃതിയെ സ്നേഹിക്കാനും മണ്ണിനോട് കൂടുതൽ അടുക്കുവാനുമായി എം.സി. വൈ.എം. ഈ കൊറോണക്കാലത്ത് 'Green Month Drive' നടത്തുകയുണ്ടായി.

Go Green Campaign, Young Farmer Campaign, Save Energy Campaign എന്നീ മൂന്ന് വ്യത്യസ്തങ്ങളായ ആശയത്തോട് കൂടിയാണ് ഈ മത്സരം സഭാതല സമിതി മുന്നോട്ടുവച്ചത്. ഈ മത്സര പദ്ധതിയിലേക്ക് 217 എൻട്രികൾ ലഭിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ എൻട്രികൾ ലഭിച്ച തിരുവല്ല അതിരൂപതയിലെ കുമിളി (106 എൻട്രികൾ), പത്തനംതിട്ട രൂപതയിലെ സീതത്തോട് (26), തിരുവനന്തപുരം അതിരൂപതയിലെ ആയൂർ (16) എന്നീ വൈദിക ജില്ലകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

പ്രകൃതിയെ സ്നേഹിക്കുവാനും സഹജീവികളോട് വിധേയപ്പെട്ട് ജീവിക്കുവാനും നമ്മെ പഠിപ്പിച്ച യുവജന പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ വാക്കുകൾ നെഞ്ചിലേറ്റി കൊണ്ട് ഈ കാലഘട്ടത്തിന്റെ കടന്നുകയറ്റവും പ്രകൃതിയെ ദുഷിക്കുവാനുള്ള ആധുനിക യുവതയുടെ ചിന്താശേഷിയും മാറണം എന്ന തിരി


www.malankaralibrary.com

ച്ചറിവ് യുവജനങ്ങൾക്ക് ഉണ്ടാകുവാൻ 'Green Month Drive' ഇടയാക്കി.

**14. യുവചേതന**

സഭയുടെയും സമൂഹത്തിന്റെയും പ്രേഷിത പ്രവർത്തനങ്ങളിലേക്കും അതിന്റെ നേതൃത്വതലങ്ങളിലേക്കും ഇറങ്ങിവരുമ്പോൾ, യുവത്വത്തിന്റെ പ്രസരിപ്പോടെ ഈ ലോകത്ത് സ്വർഗ്ഗരാജ്യം പകർന്ന ക്രിസ്തുവിനെയാണ് നാം അനുകരിക്കുന്നത്. ക്രൈസ്തവ വിശ്വാസത്തിൽ ആഴപ്പെട്ട് നന്മയും കഴിവുകളും ലോകത്തിന് പകർന്ന ഒരു മാറ്റത്തിന്റെ ശബ്ദമായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ. എം. സഭാതല സമിതിയുടെ മുഖപത്രമായ യുവചേതന 2020 ജൂൺ മാസം മുതൽ ഓരോ മാസവും ഇ - കോപ്പിയായി പ്രസിദ്ധീകരിക്കുന്നു. എം.സി.വൈ.എം. മുൻകാല നേതാക്കന്മാരുടെ ഓർമ്മകുറിപ്പുകൾ, വിശുദ്ധരുടെ ജീവചരിത്രം, യൂത്ത് ആർട്ടിക്കിൾ, ഭദ്രാസന സഭാതല വാർത്തകൾ ഇവ അടങ്ങുന്നതാണ് യുവചേതന ഇ-മാഗസിൻ.

**15. വന്ദ്യ ചേപ്പാട്ട് ഫീലിപ്പോസ് റമ്പാച്ചന്റെ ഓർമ്മ**

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിനോടൊപ്പം പുനരൈക്യ പ്രസ്ഥാനത്തിന്റെ മുന്നണി പോരാളിയായി പ്രവർത്തിക്കുകയും പിതാവിനോട് ചേർന്നുനിന്നുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സ്നേഹിക്കുകയും വളർത്തുകയും ചെയ്ത ധൈര്യശാലിയായ വൈദിക ശ്രേഷ്ഠൻ...

വന്ദ്യ റമ്പാച്ചനോടൊപ്പം സെമിനാരി പരിശീലന കാലഘട്ടത്തിൽ ഒരുമിച്ചു സമയം പങ്കിട്ടിരുന്ന, തിരുവനന്തപുരം വൈദിക ജില്ല വികാരി പെരിയ ബഹുമാനപ്പെട്ട ഡോ. ജോൺ പടിപ്പുരയ്ക്കൽ അച്ചൻ തന്റെ ഓർമകളിലൂടെ റമ്പാച്ചനെ സ്മരിച്ചു.

**16. പുണ്യപിതാവിന്റെ ഓർമ്മകളിലൂടെ**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കൈയിൽനിന്നും വ്രതവാഗ്ദാനം സ്വീകരിക്കുവാൻ ഭാഗ്യം ലഭിച്ച പ്രിയപ്പെട്ട മദർ റഹ്മാസ് എസ്.ഐ.സിയും പുണ്യപിതാവിനെ നേരിൽ കാണുവാനും സംസാരിക്കുവാനും ഭാഗ്യം ചെയ്തിട്ടുള്ള ബഹുമാനപ്പെട്ട സിസ്റ്റർ ബർക്ക്മാൻസ് എസ്.ഐ.സി. (സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവായുടെ ജ്യേഷ്ഠസഹോദരി) തങ്ങളുടെ ഓർമ്മകൾ എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെ നമ്മോട് പങ്കുവച്ചു.

**17. സെമിനാരി ദിനം**

ഒട്ടേറെ വൈദികരെ സഭയ്ക്കും സമൂഹത്തിനും സംഭാവന ചെയ്ത മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സെമിനാരി സ്ഥാപന ദിനമായ ജൂൺ 29 ന് സഭയുടെ ആത്മീയ ഗോപുരമായ മലങ്കര മേജർ സെമിനാരിയെക്കുറിച്ച് സെമിനാരി റെക്ടർ പെരിയ ബഹു. ഡോ. സണ്ണി കാവുവിള അച്ചൻ വീഡിയോ മുഖേന എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെ യുവജനങ്ങളോട് സംസാരിച്ചു.

**18. ഈവാനിയൻ ചിന്തകൾ**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിൽ വിളങ്ങിയ പുണ്യങ്ങളെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമനസ്സും സഭയിലെ വിവിധ ഭദ്രാസനങ്ങളിലെ പിതാക്കന്മാരും ചേർന്ന് 2020 ജൂലൈ 1 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ എം.സി. വൈ.എം. ഫേസ്ബുക്ക് പേജിലൂടെ അനേകായിരങ്ങളിലേക്ക് എത്തിക്കുവാൻ സാധിച്ചു.



**19. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 67-ാം ഓർമ്മപ്പെരുന്നാൾ**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സൂര്യതേജസ്സ് ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ 67-ാം ഓർമ്മയാചരണത്തോടനുബന്ധിച്ച് 2020 ജൂലൈ 1 മുതൽ 15 വരെ പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വി. കുർബാനയും പുണ്യപിതാവിന്റെ കബറിങ്കൽ ശുശ്രൂഷകളും എം.സി.വൈ.എം. ഫേസ്ബുക്ക് പേജിൽ സംപ്രേഷണം ചെയ്തു.

**20. വന്ദ്യനായ പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചന്റെ ഓർമ്മ**

പുനരൈക്യ പ്രസ്ഥാനത്തിന്റെ ശൈശവ കാലഘട്ടത്തിൽ മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ നെടുംതൂണായി പ്രവർത്തിച്ച വൈദിക ശ്രേഷ്ഠൻ. വന്ദ്യ പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചന്റെ 79-ാം ഓർമ്മപ്പെരുന്നാളിൽ വന്ദ്യ റമ്പാച്ചനെ കുറിച്ച് ബഥനി നവജ്യോതി പ്രൊവിൻസ് അംഗം ബഹുമാനപെട്ട ഡോ. സ്റ്റീഫൻ പ്ലാത്തോട്ടത്തിൽ OIC അച്ചന്റെ വാക്കുകൾ എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെ സംപ്രേഷണം ചെയ്തു.

**21. പ്രാർത്ഥനാകൂട്ടായ്മ**

പ്രാർത്ഥന എപ്പോഴും നമ്മുടെ ശക്തിയും ബല


www.malankaralibrary.com

വുമാണ്. മറ്റുള്ളവർക്കുവേണ്ടി ഇടവിടാതെ പ്രാർത്ഥി ക്കുവാൻ വിളിക്കപ്പെട്ടവരാണ് നാമോരോരുത്തരും. നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനായി തിരുവനന്തപുരം മേജർ അതിഭദ്രാസന ആനിമേറ്റർ റവ. ഡോ. സിസ്റ്റർ ജർമൈൻ ഡി. എം., പാറശ്ശാല ഭദ്രാസന സെക്രട്ടറി റാണി പി. എസ് ന്റെയും നേതൃത്വത്തിൽ എം.സി.വൈ.എം. ജൂലൈ 9 ന് ഒരു വാട്സ് ആപ്പ് കൂട്ടായ്മ രൂപീകരിച്ചു.

### 22. വിശുദ്ധിയുടെ പുരോഹിതരൂപം വിശുദ്ധ ജോൺ മരിയവിയാനി - വിയാനി ദിനം

"കുറവുകൾ കൊണ്ട് ദൈവത്തെ സ്നേഹിച്ച ദൈവത്തിന്റെ പ്രിയപ്പെട്ടവൻ..സക്രാരിയിലെ ദൈവത്തെ കുമ്പസാരക്കൂട്ടിലേക്ക് ആനയിച്ച പുരോഹിതൻ"

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എം.സി. വൈ.എം. കുടുംബത്തെ നയിക്കുന്ന ജില്ലാ ഡയറക്ടർമാരേയും രൂപതാ ഡയറക്ടർമാരേയും മുൻകാല സഭാതല ഡയറക്ടർമാരേയും മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ ബഹുമാനപ്പെട്ട വൈദികരെയും ഓർത്ത് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ലോകമെമ്പാടുമുള്ള യുവജന നേതാക്കൾ വിവിധ ഭാഷകളിലായി സഭയുടെ അനുഗ്രഹമായ വൈദിക ശ്രേഷ്ഠർക്ക് എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെ ആശംസകൾ അർപ്പിച്ചു.

### 23. യുവജന സംഗമം 2020

ആധുനിക ലോകത്തിന്റെ വെല്ലുവിളികൾ യേശുവിന്റെ കരുണകൊണ്ട് അതിജീവിക്കുകയും ക്രിസ്തു പകർന്നു നൽകിയ ആദർശങ്ങളെയും മൂല്യങ്ങളെയും മുറുകെപ്പിടിച്ച് കൊണ്ട് വിശ്വാസത്തിൽ ഉറപ്പിച്ചതുമായ ഒരു കൂട്ടായ്മയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനം.

കോവിഡ് 19 ന്റെ സാഹചര്യത്തിൽ ഈ വർഷത്തെ യുവജന സംഗമം ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. 2020 ഓഗസ്റ്റ് മാസം 30-ാം തീയതി ഞായറാഴ്ച്ച 3 മണിക്ക് മാവേലിക്കര ഭദ്രാസനത്തിന്റെ യൂട്യൂബ് ചാനലിലൂടെയും എം.സി.വൈ.എം. ഫേസ്ബുക് പേജിലൂടെയും യുവജനങ്ങളിലേക്കെത്തിച്ചു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കബാവ തിരുമേനി മുഖ്യസന്ദേശം നൽകുകയും മാവേലിക്കര ഭദ്രസനാധ്യക്ഷൻ അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത സ്വാഗതം ആശംസിക്കുകയും ചെയ്തു. സഭയുടെ യുവജന കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് സന്ദേശം നൽകി. സി.സി.ബി.ഐ. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി റവ. ഡോ. സ്റ്റീഫൻ ആലത്തറ അച്ചൻ യുവജനങ്ങൾക്കായുള്ള ക്ലാസ്സ് നയിച്ചു. പ്രസ്തുത സംഗമത്തിന് നേതൃത്വം നൽകിയ മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് പിതാവിനോടും ഭദ്രാസന ഡയറക്ടർ റവ. ഫാ. ഡെന്നീസ് മുകളുംപുറത്തിനോടും ഭദ്രാസന ഭാരവാഹികളോടുമുള്ള നന്ദി അറിയിക്കുന്നു.

### 24. പരിശുദ്ധ ദൈവമാതാവിന്റെ ജനനപെരുനാൾ

2020 സെപ്റ്റംബർ 1 മുതൽ 8 വരെ പരിശുദ്ധ ദൈവമാതാവിന്റെ ജനനപെരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയും പരിശുദ്ധ ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തപ്പെട്ടു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ്, വിവിധ ഭദ്രാസനങ്ങളിലെ റവ. ഫാ. ജോൺ കടവിങ്കൽ (മാവേലിക്കര ഭദ്രാസനം), റവ. ഫാ. സ്കറിയ വട്ടക്കാട്ടുകാലായിൽ (തിരുവല്ല അതിഭദ്രാസനം), റവ. ഫാ. അലോഷ്യസ് (പാറശ്ശാല ഭദ്രാസനം), റവ. ഫാ. ബിനോയ് പുതുപറമ്പിൽ (പത്തനംതിട്ട ഭദ്രാസനം), റവ. ഫാ. കുര്യക്കോസ് കുടിലിൽ (മൂവാറ്റുപുഴ ഭദ്രാസനം), റവ. ഫാ. നിജോ കൊല്ലന്റെതെക്കേതിൽ (ഗുഡ്ഗാവ് ഭദ്രാസനം), റവ. ഫാ. രാജു പരുകൂർ (തിരുവനന്തപുരം മേജർ അതിഭദ്രാസനം) എന്നിവരുടെ കാർമികത്വത്തിൽ ആഘോഷമായ വിശുദ്ധ കുർബാനയും മദ്ധ്യസ്ഥ പ്രാർത്ഥനയും എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെ സെപ്റ്റംബർ 1 മുതൽ 8 വരെ വൈകിട്ട് 6 മണിക്ക് തൽസമയം സംപ്രേഷണം ചെയ്തു.

### 25. ബിഷപ്പ് സക്കറിയാസ് മാർ അത്താനാസിയോസ് അനുസ്മരണം

എം.സി.വൈ.എം. ന്റെ നേതൃത്വത്തിൽ സക്കറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ ഓർമ്മ തിരുനാൾ 2020 സെപ്റ്റംബർ 27-ാം തീയതി തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ലിറ്റർജി കമ്മീഷൻ സെക്രട്ടറി റവ. ഡോ. ഐസക് പറപ്പള്ളിയിൽ അർപ്പിച്ച വിശുദ്ധ കുർബാനയും തുടർന്ന് വന്ദ്യ പിതാവിന്റെ കബറിങ്കൽ ധൂപപ്രാർത്ഥനയും ഓൺലൈൻ മീഡിയ വഴി വിശ്വാസികളിലേക്കു എത്തിച്ചു.

### 26. M² Youth Session

സമൂഹത്തെ കൂടുതൽ മാനുഷികമാക്കാൻ, മനുഷ്യരെ കൂടുതൽ യോഗ്യതയുള്ളതാക്കാൻ, സാമൂ


www.malankaralibrary.com

ഹികവും സാംസ്കാരികവുമായ ചിന്തകൾ നമ്മിൽ ഉയർത്തുന്ന അനവധി ചോദ്യങ്ങൾക്കുള്ള ഉത്തരവുമായി തിരുവല്ല അതിഭദ്രാസനത്തിലെ കട്ടപ്പന വൈദിക ജില്ലാ വികാരി ബഹുമാനപ്പെട്ട പ്രദീപ് വാഴത്തറമലയിൽ അച്ചൻ ഒക്ടോബർ 2 വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണിക്ക് എം.സി.വൈ.എം ഫേസ്ബുക്ക് പേജിലൂടെ യുവജനങ്ങളുമായി സംവദിച്ചു.

### 27. അന്തർദേശീയ ക്വിസ് മത്സരം


മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 90-ാ മത് പുനരൈക്യ ദിനാഘോഷങ്ങളോട് ചേർന്ന് 29-ാമത് അന്തർദേശീയ യുവജനസംഗമത്തിന്റെ ഭാഗമായി 2020 ഒക്ടോബർ 3 ശനിയാഴ്ച എം.സി. വൈ.എം. പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി 12 ഭദ്രാസനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ഓൺലൈൻ പ്ലാറ്റ്ഫോമിൽ അന്തർദേശീയ ക്വിസ് മത്സരം നടത്തപ്പെട്ടു. ഇതിൽ ഒന്നാം സ്ഥാനം തിരുവല്ല അതിഭദ്രാസനവും രണ്ടാം സ്ഥാനം പത്തനംതിട്ട ഭദ്രാസനവും മൂന്നാം സ്ഥാനം ബത്തേരി ഭദ്രാസനവും കരസ്ഥമാക്കി. ക്വിസ് മത്സരത്തിൽ പങ്കെടുത്ത് ആശംസകൾ അറിയിച്ച ഗുഡ്ഗാവ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിനോടും ക്വിസ് മാസ്റ്ററായിരുന്ന ബഹുമാനപ്പെട്ട ഷീൻ തങ്കാലയം അച്ചനോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

### 28. ഹെസദ് ക്യാമ്പൈൻ 2020

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനദിനാഘോഷത്തിന് മുന്നോടിയായി യൂണിറ്റ് മുതൽ ഭദ്രാസന തലം വരെയുള്ള എല്ലാ യുവജനങ്ങളെയും പങ്കെടുപ്പിച്ച് ഫേസ്ബുക്ക് 'പ്രൊഫൈൽ പിക്ചർ' ക്യാമ്പൈൻ നടത്തി. പങ്കെടുത്ത എല്ലാ യുവജനങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

### 29. ഹെസദ് 2020

അസ്സീസിയുടെ തെരുവുകളിൽ ക്രിസ്തുവിനോടുള്ള അഗാധമായ സ്നേഹത്താൽ നഗ്നനായി നടന്നു നീങ്ങുന്ന ഒരു ചെറുപ്പക്കാരൻ.......... ക്രിസ്തുവിനോടുള്ള സ്നേഹത്തിനു പകരമായി അവനു നൽകേണ്ടി വന്നത് ആഡംബരം നിറഞ്ഞ പിതാവിന്റെ ഭവനവും അതിന്റെ പ്രൗഢിയും സുരക്ഷിതത്വവും ആയിരുന്നു........ അസ്സീസിയിലെ വിശുദ്ധ





ഫ്രാൻസിസ്... മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ. എം.ന്റെ സ്വർഗീയ മധ്യസ്ഥൻ.....

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ഓർമ്മ ദിനമായ ഒക്ടോബർ 4-ാം തീയതി സഭ യുവജന ദിനമായി ആചരിച്ചു. കോവിഡ് 19 ന്റെ പ്രത്യേക സാഹചര്യത്തിൽ ഒക്ടോബർ 4 ന് രാവിലെ 8:30 ന് തിരുവനന്തപുരം തിരുസന്നിധി അരമനയിൽ വച്ച് സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ യുവജനങ്ങൾക്കുവേണ്ടി വി. കുർബാന അർപ്പിച്ചു. യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് എം.സി. വൈ. എം. പതാക ഉയർത്തി. തുടർന്ന് എം.സി. വൈ.എം. സഭാതല പ്രസിഡന്റ് ജിത്ത് ജോൺ ഫ്രാൻസിസിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്തു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് ആമുഖസന്ദേശം നൽകി. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് മുഖ്യപ്രഭാഷണം നടത്തി. കെ.സിവൈ.എം. പ്രസിഡന്റ് ബിജോ പി. ബാബു ആശംസകൾ അറിയിക്കുകയും തുടർന്ന്, എം.സി.വൈ.എം. സഭാതല ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ, സഭാതല ജനറൽ സെക്രട്ടറി ജിനു ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. 2019-2020 വർഷത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് അഭിമാനപാത്രങ്ങളായിത്തീർന്ന വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുവജന പ്രതിഭകളെ വീഡിയോ രൂപത്തിൽ അവതരിപ്പിച്ചു. എം.സി.വൈ.എം -ന്റെ ഫേസ്ബുക്ക് പേജ് വഴി സഭാതല യുവജനദിനാഘോഷം അനേകരിലേക്കു എത്തിക്കുവാൻ സാധിച്ചു.

### 30. ആരാധന

സർവ്വശക്തനായ ദൈവം എം.സി.വൈ.എം. ലൂടെ ഈ നിമിഷംവരെ ചൊരിഞ്ഞിട്ടുള്ള അനവധി - നിരവധിയായ നന്മകൾക്ക് നന്ദി അർപ്പിച്ച്, ദിവ്യകാരുണ്യ ആരാധന സന്നിധിയിൽ നമ്മുടെ യുവജന ശുശ്രൂഷകളെ മുഴുവൻ സമർപ്പിച്ച് റവ. ഫാ. സിറിയക്


www.malankaralibrary.com

വെച്ചൂർക്കരോട്ട് ഒക്ടോബർ 4 ഞായറാഴ്ച്ച രാത്രി 7 മണിക്ക്, എം.സി. വൈ.എം. ഫേസ്ബുക്ക്, യൂട്യൂബ് പേജുകളിലൂടെ മുഴുവൻ യുവജനങ്ങളെയും പങ്കെടുപ്പിച്ച് ആരാധന നടത്തി.

### 31. കുരിശിന്റെ വഴി

ലോകമെമ്പാടും സമാധാനത്തിന്റെ പ്രതീകമായി നിലകൊള്ളുകയും ക്രൈസ്തവ സ്നേഹത്തിന്റെയും രക്ഷയുടെയും അടയാളമായി കണക്കാക്കുകയും ചെയ്യുന്ന വിശുദ്ധ കുരിശിനെ അപമാനിക്കുന്ന തരത്തിൽ വിശുദ്ധ കുരിശിന്റെ മുകളിൽ കയറി ഇരുന്ന് ഫോട്ടോ എടുത്ത് സമൂഹമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്ന തരത്തിലുള്ള കിരാതമായ മതനിന്ദ നടത്തിയവർക്ക് മാനസാന്തരം ഉണ്ടാകുവാൻ വേണ്ടി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിനോടൊപ്പം നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലെയും യുവജനങ്ങൾ ഒക്ടോബർ 27 ചൊവ്വാഴ്ച വൈകിട്ട് 6 മണിക്ക് കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ച് ദൈവാലയത്തിലോ, തങ്ങളുടെ ഭവനങ്ങളിലോ ആയിരുന്നുകൊണ്ട് രക്ഷയുടെ പ്രതീകമായ വിശുദ്ധ കുരിശിന്റെ വഴിയോ വിശുദ്ധ കുരിശിന്റെ പ്രാർത്ഥനയോ ചൊല്ലിക്കൊണ്ട് പങ്കാളികളായി.

### 32. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഓർമ്മ

അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ദർശനം ആഴമായി മനസ്സിലാക്കുന്നതിന് സഹായകമായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് സ്മൃതി മന്ദിരം സന്ദർശിക്കുകയും തിരുമേനിയുടെ പ്രസംഗങ്ങൾ, ആരാധനകൾ, ശുശ്രൂഷകൾ, കൽപ്പനകളും ലേഖനങ്ങൾ എന്നിവ കേൾക്കുവാനും കാണുവാനും സാധിച്ചു.

ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ജന്മസ്ഥലമായ കല്ലൂപ്പാറക്ക് സമീപം കോട്ടൂര് സ്ഥിതി ചെയ്യുന്ന സ്മൃതി മന്ദിരത്തിലേക്ക് വന്ദ്യ പിതാവിന്റെ സഹോദരൻ ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി. യുവജനങ്ങളെ സ്വാഗതം ചെയ്യുന്ന വീഡിയോ ഫേസ്ബുക്ക് പേജിലൂടെ യുവജനങ്ങളിലേക്ക് എത്തിച്ചു.

### 33. ഓൺലൈൻ യുവജന ധ്യാനം

പ്രസിദ്ധ വചനപ്രഘോഷകൻ ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ നയിക്കുന്ന ഓൺലൈൻ യുവജന ധ്യാനം, GLORY TO GLORY നവംബർ 1 മുതൽ 3 വരെയുള്ള ദിവസങ്ങളിൽ എം.സി.വൈ.എം ഫേസ്ബുക്ക് പേജിലൂടെ സംപ്രേഷണം ചെയ്തു. ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചനെയും ടീമംഗങ്ങളെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

### 34. കലണ്ടർ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ



യുവജനപ്രസ്ഥാനം (എം.സി.വൈ.എം.) പ്രസിദ്ധീകരിച്ച 2021 വർഷത്തെ കലണ്ടർ, സഭയുടെ തലവനും പിതാവുമായ മോറൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ, തിരുവനന്തപുരം മേജർ ആർച്ച് ബിഷപ്പ് ഹൗസിൽ വച്ച് എം.സി.വൈ. എം. പ്രസിഡന്റ് ജിത്ത് ജോൺ ഫ്രാൻസിസിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.

### 35. സദ്വാർത്ത

ഡിസംബർ 1 മുതലുള്ള ദിവസങ്ങളിൽ എം.സി. വൈ.എം. പ്രസ്ഥാനത്തിന് സുദീർഘമായ നേതൃത്വം നൽകുന്ന ഭദ്രാസന ഡയറക്ടർമാരും ആനിമേറ്റർ സിസ്റ്റേഴ്സും യുവജനങ്ങളെ നോമ്പിന്റെ അരൂപിയിൽ ഒരുക്കുവാനും 25 നോമ്പിന്റെ ദിനങ്ങൾ അർത്ഥവത്താക്കുന്നതിനുംവേണ്ടി എം.സി.വൈ.എം. ഫേസ്ബുക്ക് പേജ് വഴി സന്ദേശം നൽകി. ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റർ സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

### 36. എം.സി.വൈ.എം. തീം 2021

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 2020 ഒക്ടോബർ മാസം 3-ാം തീയതി പുറപ്പെടുവിച്ച ചാക്രിക ലേഖനമായ 'ഫ്രത്തെലി തൂത്തി' അടിസ്ഥാനമാക്കി മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ മുഴുവൻ യുവജനങ്ങൾക്കും 2021 വർഷത്തിൽ പ്രത്യേകം ധ്യാനിച്ച് ഒരുങ്ങുവാനായി 'യുവജനങ്ങൾ : സഹോദര്യത്തിന്റെ അപ്പോസ്തോലര്' എന്ന പഠന വിഷയം സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് പിതാവ് ജനുവരി രണ്ടിന് യുവജനങ്ങൾക്കായി സമർപ്പിച്ചു.

### 37. മൊബൈൽ ആപ്ലിക്കേഷൻ

പുതുവർഷത്തിൽ സഭാമക്കൾക്ക് എം.സി.വൈ.


www.malankaralibrary.com

എം. ഒരുക്കിയ സ്നേഹസമ്മാനം. ലോകത്ത് എവിടെയായിരുന്നാലും നമ്മുടെ യാമപ്രാർത്ഥനകളും നോമ്പുകാല പ്രാർഥനകളും ശ്ഹീമോ നമസ്കാരവും ഐക്യദീപവും ക്രൈസ്തവ കാഹളവും വിരൽത്തുമ്പിൽ ലഭ്യമാകുന്ന മൊബൈൽ ആപ്ലിക്കേഷൻ പുതുവത്സര കുർബാനയ്ക്ക് ശേഷം അത്യഭിവന്ദ്യ ബാവാ തിരുമേനി സഭാമക്കൾക്കായി സമർപ്പിച്ചു.




## പ്രാർത്ഥനാശംസകൾ

- ♦ കോട്ടയം അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം പിതാവിന് എം.സി.വൈ.എം.കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.
- ♦ പുത്തൂർ ഭദ്രാസനത്തിൽ എം.സി.വൈ.എം. ഡയറക്ടറായി സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ഗീവർഗീസ് ബർസോമ ഒ.ഐ.സി. അച്ചന് എം. സി. വൈ.എം. കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

## സ്വാഗതം

- ♦ യുവജന പ്രസ്ഥാനത്തിലേക്ക് പുതിയതായി കടന്നുവന്ന എം.സി.വൈ.എം. പുത്തൂർ ഭദ്രാസന ഡയറക്ടർ തോമസ് സൈമൺ കാഞ്ഞിരതിങ്കൽ അച്ചന് യുവജന പ്രസ്ഥാനത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

## മംഗളാശംസകൾ

വിവാഹ കൂദാശയിലൂടെ കുടുംബജീവിതത്തിലേക്ക് പ്രവേശിച്ച കെ.സി.വൈ.എം. പ്രസിഡന്റ് ബിജോ പി. ബാബു, പാറശ്ശാല ഭദ്രാസന പ്രസിഡന്റ് ജസ്റ്റിൻ പി. എസ്., മാർത്താണ്ഡം ഭദ്രാസന ജനറൽ സെക്രട്ടറി ജോൺ ബി, പുത്തൂർ ഭദ്രാസന വൈസ് പ്രസിഡന്റ് അനൂഷാ, കെ.സി.വൈ.എം. സെക്രട്ടറി അബിനി പോൾ, മൂവാറ്റുപുഴ ഭദ്രാസന ട്രഷറർ ബിജു പാപ്പച്ചൻ, മാവേലിക്കര ഭദ്രാസന കെ.സി.വൈ.എം. സിൻഡിക്കേറ്റ് ജെറിൻ ജോസ് ഗുഡ്ഗാവ് ഭദ്രാസന ട്രഷറർ ജോമോൻ എന്നിവർക്ക് എം.സി.വൈ.എം. കുടുംബത്തിന്റെ ആശംസകൾ.

## അനുശോചനം

നമ്മിൽനിന്നും ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ വന്ദ്യ വൈദികർ, സിസ്റ്റേഴ്സ്, തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ പ്രസിഡന്റ് ഷെവലിയാർ കരിപ്പായി സാർ, എം.സി.വൈ.എം. ആന്തം നമുക്ക് സമ്മാനിച്ച എ. എസ്. ഫ്രാൻസിസ്, അകാലത്തിൽ വേർപിരിഞ്ഞ യുവജനങ്ങൾക്കും കണ്ണുനീരിൽ കുതിർന്ന ആദരാഞ്ജലികൾ.

## മീറ്റിംഗുകൾ

കോവിഡ് 19 എന്ന മഹാമാരി മനുഷ്യരാശിയെ മുഴുവൻ വീട്ടിനുള്ളിൽ ഒതുക്കി നിർത്തിയപ്പോൾ, ആൾക്കൂട്ടം ഓർമ്മകളിൽ മാത്രമായി മാറിയ സാഹചര്യത്തിൽ എം.സി.വൈ.എം. സഭാതല സമിതിയുടെ എല്ലാ മീറ്റിംഗുകളും zoom ആപ്ലിക്കേഷന്റെ സഹായത്തോടെ നടത്തപ്പെട്ടു.

2020 ഏപ്രിൽ 14 : യൂത്ത് സർവ്വേ
2020 മെയ് 9 : വെബ്സൈറ്റ്, യുവചേതന
2020 ആഗസ്റ്റ് 24 : അന്തർദേശീയ ക്വിസ് മത്സരം, യുവജനദിന ആലോചന മീറ്റിംഗ്.
2020 ഒക്ടോബർ 23 : ഭദ്രാസന യുവജനദിനാഘോഷത്തിന്റെ വിലയിരുത്തലുകൾ

എന്നിങ്ങനെ വിവിധങ്ങളായ ഓൺലൈൻ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ഓരോ പ്രവർത്തനങ്ങളും അവയുടെ ഒരുക്കങ്ങളും വിലയിരുത്തുകയും ചെയ്തു. ഇതിൽ പങ്കാളികളായ എല്ലാ ഡയറക്ടേഴ്സിനോടും ഭാരവാഹികളോടുമുള്ള നന്ദി അറിയിക്കുന്നു.

## സെക്രട്ടറിയേറ്റ് മീറ്റിംഗുകൾ

**എം.സി.വൈ.എം. സഭാതല സമിതിയുടെ 2020 വർഷത്തെ ഓൺലൈൻ മീറ്റിംഗുകൾ**

2020 ഫെബ്രുവരി 20 ന് സംയുക്ത സിൻഡിക്കേറ്റ് മീറ്റിംഗ് നടത്തി, 2020 ഏപ്രിൽ 12, 2020 മെയ് 8, 2020 ജൂൺ 12, 2020 ആഗസ്റ്റ് 22, 2020 ഒക്ടോബർ 21 എന്നിങ്ങനെ 6 സെക്രട്ടറിയേറ്റ് ഓൺലൈൻ മീറ്റിംഗുകൾ നടത്തി.

## അനുമോദനം

- ♦ 2023 ലോക യുവജന ദിനത്തിന് മുന്നോടിയായി നവംബർ 18 മുതൽ 21 വരെ നടത്തിയ അന്തർദേശീയ യുവ നജന മീറ്റിംഗിൽ, മലങ്കര സുറിയാനി കത്തോലിക്കാ സഭയെയും യുവജന പ്രസ്ഥാനത്തെയും പ്രതിനിധീകരിച്ച് സഭാതല പ്രസിഡന്റ് ജിത്ത് ജോൺ ഫ്രാൻസിസ് സംസാരിച്ചു.

- 1999 ലെ എം.സി.വൈ.എം. ജനറൽ സെക്രട്ടറിയായിരുന്നു ശ്രീ. ഷാജി കൂളിയാടിന് 2019-20 വർഷത്തെ മികച്ച അധ്യാപക അവാർഡ് ലഭിച്ചതിൽ എം.സി.വൈ.എം. അനുമോദനങ്ങൾ അറിയിച്ചു.
- 2020 ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയിച്ച എം.സി.വൈ.എം. മുൻകാല നേതാക്കന്മാർക്കും യൂണിറ്റ്മേഖല ഭാരവാഹികൾക്കും ആശംസകൾ അറിയിച്ചു.

### ചാരിറ്റി

- എം.സി.വൈ.എം-ന്റെ നേതൃത്വത്തിൽ പാറശ്ശാല ഭദ്രാസനത്തിന് ഒരു ലക്ഷം രൂപയുടെ ധനസഹായം നൽകി.

### പ്രതിഷേധം

- അത്യഭിവന്ദ്യ ബാവാ തിരുമനസ്സിന്റെ ആഹ്വാന പ്രകാരം ആദിവാസികളുടെ അവകാശങ്ങൾക്കു വേണ്ടി പോരാടിയ ഫാ. സ്റ്റാൻ സ്വാമിയെ രാജ്യദ്രോഹക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്തതിൽ, സഭയുടെ വിവിധ ഇടങ്ങളിൽ യുവജനങ്ങൾ പ്രതിഷേധം രേഖപ്പെടുത്തി.
- വനം വകുപ്പ് കസ്റ്റഡിയിൽ മരിച്ച മത്തായി എന്ന മലയോര കർഷകന്റെ ഭവനം എം.സി.വൈ.എം. സന്ദർശിക്കുകയും ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു.
- വിശുദ്ധിയോടെ കാണുന്ന ആരാധന പ്രതീകങ്ങളെ തീർത്തും അവഹേളിക്കുന്ന തരത്തിലുള്ള സാമൂഹിക ഇടപെടലുകൾക്കെതിരെ എം.സി.വൈ.എം. പ്രതിഷേധം രേഖപ്പെടുത്തി.
- ക്രൈസ്തവ വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും ഈറ്റില്ലവും പൗരാണിക പ്രതീകമായ ഹാഗിയ സോഫിയ കത്തീഡ്രൽ ദേവാലയം മുസ്ലിം മോസ്ക്കായി മാറ്റിക്കൊണ്ടുള്ള തീരുമാനത്തിൽ എം.സി.വൈ.എം. ദുഃഖപൂരിതമായ കറുത്ത ദിനമായി ആചരിച്ചു.

### നന്ദി

- എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെയും യൂട്യൂബ് ചാനലിലൂടെയും ഈ വർഷം 58 വി. കുർബാനകൾ അനേകരിലേയ്ക്ക് എത്തിക്കുവാൻ സാധിച്ചു. അഭിവന്ദ്യ പിതാക്കന്മാരോടും വന്ദ്യ വൈദികരോടുമുള്ള കൃതജ്ഞത അറിയിക്കുന്നു.
- ഹെസദ് 2020 ന് ആശംസകൾ അറിയിച്ച എം.സി.വൈ.എം., ഐ.സി.വൈ.എം., FIMCAP Asia, KCYM Latin, SMYM എന്നീ യുവജന സംഘടനകളുടെ പ്രസിഡന്റ് , ജനറൽ സെക്രട്ടറിമാരോടുള്ള നന്ദി അറിയിക്കുന്നു.
- മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ മെത്രാഭിഷേക തിരുനാൾ, നാമഹേതുക തിരുനാൾ, ദിനംപ്രതിയുള്ള വചനങ്ങളും പ്രാർത്ഥനകളും പ്രത്യേകതകൾക്കനുസരിച്ച് പോസ്റ്ററുകൾ തയ്യാറാക്കി എം.സി.വൈ.എം. പേജിലൂടെ യുവജനങ്ങളിൽ എത്തിക്കുന്ന പ്രിയ ബിബിൻ, ജേക്കബ് ജിജോ ജോയ് (തിരുവനന്തപുരം മേജർ അതിഭദ്രാസനം), ജിതിൻ ഷാജി (മാവേലിക്കര ഭദ്രാസനം) എന്നിവരെ നന്ദിയോടെ ഓർക്കുന്നു.
- മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനശബ്ദമായ യുവചേതനയുടെ പിന്നിൽ പ്രവർത്തിക്കുന്നവർ:

ലേ-ഔട്ട് & ഡിസൈൻ : ശ്യാം ചൊവ്വര

ഫോട്ടോഗ്രാഫ് : ബിബിൻ ജേക്കബ്, റോണി രാജു

പ്രൂഫ് റീഡിങ്ങ് : തേജസ് അന്ന ജേക്കബ്, അലീന എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

### ഉപസംഹാരം

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ പറയുന്നു "യുവജനങ്ങൾ നഷ്ടധൈര്യരാകരുത്; അവർ വലിയ കാര്യങ്ങൾ സ്വപ്നം കാണാനും വിശാലമായ വീക്ഷണങ്ങൾ അന്വേഷിക്കാനും ഔന്നത്യം ലക്ഷ്യം വയ്ക്കാനും ഈ ലോകത്തെ ഏറ്റെടുക്കാനും അതിന്റെ വെല്ലുവിളികൾ സ്വീകരിക്കാനും അവരെക്കൊണ്ട് സാധ്യമായ സംഭാവന ചെയ്തുകൊണ്ട് കൂടുതൽ മെച്ചമായവ പണിതുയർത്താനുള്ളവരാണ്".

വിശ്വാസ ചൈതന്യത്താൽ ജ്വലിച്ച്, ധീര പ്രേഷിതരായി ലോകത്തിന് ക്രിസ്തുവിനെ പകർന്നു നൽകി, ക്രിസ്തുവിന്റെ സുവിശേഷ മൂല്യങ്ങളിൽ ഊന്നി, ഈ ആധുനിക കാലഘട്ടത്തിൽ നല്ല സാക്ഷികളായി അവിടുത്തെ തിരുമുമ്പിൽ നമുക്കേവർക്കും നന്ദിയുള്ളവരായിരിക്കാം.

പരിശുദ്ധ ദൈവമാതാവിന്റെയും പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസിയുടെയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും മാധ്യസ്ഥം മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് കരുത്തും കാവലുമായി തീരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എം.സി.വൈ.എം. സഭാതല സമിതിയുടെ 2020 വർഷത്തെ പ്രവർത്തന റിപ്പോർട്ട് ഏവരുടെയും വിചിന്തനത്തിനും വിശകലനത്തിനുമായി സെനറ്റ് മുമ്പാകെ സമർപ്പിക്കുന്നു

എന്ന്,

ജിനു ജോർജ്ജ്, ബിച്ചു കുര്യൻ തോമസ്, സാഞ്ജോ സുനിൽ, എസ്. അനീഷാ


www.malankaralibrary.com





www.malankaralibrary.com

# MAR IVANIOS COLLEGE (AUTONOMOUS)

Committed to Excellence in Higher Education since 1949

Affiliated to the University of Kerala
Re-accredited (Fourth Cycle) with 'A+' Grade by NAAC | DST-FIST College
College with Potential for Excellence; UGC PARAMARSH College
**NIRF 2020 - 48th Rank**

Founder



Servant of God
Archbishop Mar Ivanios

Patron



His Beatitude Moran Mor Baselios
Cardinal Cleemis Catholicos

Servant of God
Archbishop Mar Ivanios



## Programmes Offered

### UG Programmes (Aided)

B.A. English Language and Literature
B.A. Economics
B.A. Journalism & Mass Communication
B.Sc. Mathematics
B.Sc. Physics
B.Sc. Chemistry
B.Sc. Botany
B.Sc. Zoology
B.Sc. Botany & Biotechnology
B.Com.
BSc Physics with Machine Learning

### UG Programmes (Unaided)

B.A. English Language and Literature
B.Com.
B.Com. (Accounts & Audit)
B.A. Communicative English
B.Sc. Computer Science
B.A. Analytical Economics
B.Sc. Statistics

### PG Programmes (Aided)

M.A. English Language and Literature
M.A. Malayalam with Media Studies
M.Sc. Mathematics
M.Sc. Physics
M.Sc. Chemistry
M.Sc. Zoology
M.Com.
M.T.T.M. (Tourism & Travel Management)
M.Sc. Statistics wit h Data Analytics

### M.Phil. Programmes (New)

Mathematics
Physics

### Ph.D Programmes

English
Mathematics
Physics
Chemistry
Zoology
Commerce

Nia Graphics, Chowara
9747 044 811

Mar Ivanios Vidya Nagar, Nalanchira P. O., Thiruvananthapuram - 695 015, Kerala
Phone: 0471-2531053, 2530023 | E-mail:info@mic.ac.in
Websites: www.mic.ac.in | www.marivanioscollege.ac.in

www.malankaralibrary.com